# സുന്നത്തും ബിദ്അത്തും ഒരു ലഘുപഠനം

മുഹമ്മദ് സലിം സുല്ലമി



THE COOPEATIVE OFFICE FOR CALL & GUIDANCE AT AL SULAY, RIYADH
P.O. BOX 1419 ZIP CODE 11431, TEL. NO. (01) 2414488 FAX (01)2411733

MALAYALAM 0701005

# സുന്നത്തും ബിദ്അത്തും

## ഒരു ലഘുപഠനം

മുഹമ്മദ് സലിം സുല്ലമി

ഇസ്‌ലാമിക് സെൻറർ, ഉനൈസ, അൽഖസീം
സുഊദി അറേബ്യ - 2411733-2410615

**Sunnathum Bidathum**
(Oru Lagupadanam)


ഇസ്‌ലാമിനെ സംബന്ധിച്ചു പഠിക്കാനും
ഓഡിയോ വീഡിയോ കാസറ്റുകൾക്കും
മലയാള പുസ്തകങ്ങൾക്കും
ബന്ധപ്പെടുക

ഇസ്‌ലാമിക് സെൻറർ
പി.ബി.നമ്പർ - 808
ഉനൈസ
ഫോൺ - 2411733-2410615

# മുഖവുര

ഇസ്ലാമിക വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും മൗലിക സ്രോതസ്സ് ഖുർആനും സുന്നത്തുമാകുന്നു. ഒരു മുസ്ലിം തന്റെ ജീവിതം രൂപപ്പെടുത്തേണ്ടത് ഇത് രണ്ടിനെയും അടിസ്ഥാനമാക്കിയാണ്. 'തലമുറകളിൽ വെച്ചേറ്റവും ഉത്തമതലമുറ'യെന്ന് റസൂൽ(സ) വിശേഷിപ്പിച്ച ഒന്നാംതലമുറയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ അടിസ്ഥാനമായി വർത്തിച്ചത് ഖുർആനും സുന്നത്തും തന്നെ.

പിൽക്കാലത്ത് ഇസ്ലാമിന്റെ ഈ മൗലികാടിത്തറയിൽനിന്ന് പലകാരണങ്ങളാൽ ഇസ്ലാമിക സമൂഹം അകന്നുപോയി. ഖുർആനിൽ നിന്നും സുന്നത്തിൽനിന്നും വിശ്വാസാചാരങ്ങൾ രൂപപ്പെടുത്തുന്നതിനുപകരം, മനുഷ്യരാൽ വിരചിതമായ കൃതികളവലംബിക്കാനും, പുരോഹിതന്മാരുടെ വാക്കുകൾ വേദവാക്യം പോലെ സ്വീകരിക്കാനും തുടങ്ങി. സ്വാഭാവികമായും ഇസ്ലാമിന്റെ ശുദ്ധമായ പാതയിൽനിന്നു ജനങ്ങൾ അകന്നു.

സമുദായത്തെ യഥാർത്ഥ സ്രോതസ്സിലേക്ക് തന്നെ തിരിച്ചു വിളിക്കേണ്ട ബാധ്യത പണ്ഡിതന്മാരുടേതായിരുന്നു. പക്ഷെ ഒരുപറ്റം പണ്ഡിതന്മാർ തങ്ങളുടെ ഈ ദൗത്യം നിർവ്വഹിച്ചില്ല. എന്നുമാത്രമല്ല, ജനഹിതത്തിനും നാട്ടുനടപ്പിനുമനുസരിച്ച് ഇസ്ലാമിനെ വ്യാഖ്യാനിക്കാനാണവർ ശ്രമിച്ചത്. ഫലം ഇസ്ലാമിന്റെ യഥാർത്ഥ വിശ്വാസാചാരങ്ങളെക്കുറിച്ചു ജനം അജ്ഞരാവുകയും നാട്ടുനടപ്പുകൾ മതത്തിന്റെ സ്ഥാനം കയ്യടക്കുകയും ചെയ്തു.

സത്യത്തിലേക്കു ജനങ്ങളെ തിരിച്ചുവിളിക്കുന്ന ഒരു വിഭാഗം എക്കാലത്തുമുണ്ടാകുമെന്നും ന്യൂനപക്ഷമാകുന്ന ആ

വിഭാഗം തിരുമേനിയുടെ സുന്നത്തിൽ (ജീവിതചര്യ) ജനങ്ങൾ പിൽക്കാലത്ത് വരുത്തിയ കുഴപ്പങ്ങൾ ശരിയാക്കുന്നവരായിരിക്കുമെന്നും നബി(സ) പ്രവചിക്കുകയുണ്ടായിട്ടുണ്ട്. ഈ ദൗത്യം നിർവ്വഹിക്കുന്നവരെ ജനങ്ങൾ തെറ്റിദ്ധരിക്കുക സ്വാഭാവികമാണ്. കാരണം അവരുടെ മുമ്പിൽ മതത്തിൻെറ പേരിൽ നിലനില്ക്കുന്നത് നാട്ടാചാരങ്ങളും പുരോഹിതന്മാരുടെ പ്രസ്താവനകളുമാണല്ലോ.

ഒട്ടനവധി പുതിയ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും സ്വാധീനം ഇന്നത്തെ മുസ്ലിംസമുദായത്തിൽ കാണാൻ കഴിയും. ഖുർആനും സുന്നത്തുമാകുന്ന അളവുകോലുകൾ ഉപയോഗിച്ചു പരിശോധിച്ചു നോക്കിയാൽ ഇവക്കൊന്നും യാതൊരടിത്തറയുമില്ലെന്ന് മനസിലാക്കാൻ കഴിയും. ഇസ്ലാമിൻെറ ശുദ്ധമായ രൂപത്തിലേക്കുതന്നെ തിരിച്ചുവിളിക്കുന്ന ഈ സംരംഭത്തിന് 'ഇസ്ലാഹ്' എന്നാണ് സാങ്കേതികമായി പറയുന്നത്. കേരളത്തിലെ മുജാഹിദ് പ്രസ്ഥാനം ഈ ജോലിയാണ് നിർവ്വഹിക്കുന്നത്.

സാധാരണക്കാരെ ഉദ്ദേശിച്ച് 'സുന്നത്തും ബിദ്അത്തും ലളിതമായി വിശദീകരിക്കുകയാണ് ഇതിൻെറ ഉദ്ദേശ്യം. ഇസ്ലാമിൻെറപേരിൽ നമ്മുടെ ജീവിതത്തിൽ അള്ളിപ്പിടിച്ച ഇത്തിക്കണ്ണികളെ തിരിച്ചറിയാൻ ഒരു കൈത്തിരിയായി ഇത് വർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു സഹായിക്കട്ടെ.

സി.മുഹമ്മദ് സലീം സുല്ലമി
ഇസ്ലാമിക് സെൻറർ
ഉനൈസ,സുഊദി അറേബ്യ

# നബി (സ) ഒരു മാതൃകാ പുരുഷൻ

لقد كان لكم فى رسول الله أسوة حسنة لمن كان يرجوا الله
واليوم الآخر وذكر الله كثيراً - الاحزاب ٢١

"നിശ്ചയം, അല്ലാഹുവിൻെറ ദൂതരിൽ നിങ്ങൾക്കു നല്ല മാതൃകയുണ്ട്. അതായതു, അല്ലാഹുവിനെയും അന്ത്യ നാളിനെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ധാരാളമായി അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക് (അഹ്സാബ് -21)

അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുകയും പടച്ചവനെപ്പറ്റിയുള്ള സ്മരണ നിലനിർത്തുകയും ചെയ്യുന്നവർക്ക് ഏറ്റവും ഉത്തമമായ മാതൃക അല്ലാഹുവിൻെറ ദൂതനായ മുഹമ്മദു നബി(സ)യിൽ കാണാൻ കഴിയുമെന്നാണ് ഈ ഖുർആൻ സൂക്തത്തിലൂടെ അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്. ഒരു മനുഷ്യനു തൻെറ പാരത്രികജീവിതത്തിൽ സ്വർഗ്ഗം നേടിയെടുക്കാൻ ഏതു വിധമെല്ലാമാണ് അവൻ പ്രവൃത്തിക്കേണ്ടതെന്ന് റസൂൽ(സ)യുടെ ജീവിതത്തിൽനിന്നു അവനു പഠിക്കാൻ കഴിയും. ജീവിതത്തിൻെറ എല്ലാ തുറകളിലും ഏറ്റവും നല്ല മാതൃകമാത്രമാണ് റസൂൽ(സ) തിരുമേനി മനുഷ്യസമൂഹത്തിനു പഠിപ്പിച്ചു കൊടുത്തിട്ടുള്ളത്. ഒരു മനുഷ്യനു സ്വർഗ്ഗംനേടാനും നരകത്തിൽനിന്നു വിമുക്തനാവാനും ആവശ്യമായ എല്ലാ വിശ്വാസാചാരങ്ങളും തിരുമേനി പഠിപ്പിച്ചിട്ടുണ്ട്. ഓരോ മനുഷ്യനും അവിടത്തെ ജീവിതത്തിൽ നിന്ന് മാതൃക സ്വീകരിച്ചു കൊണ്ടു് തങ്ങളുടെ ജീവിതം എല്ലാ അർത്ഥത്തിലും ക്രമപ്പെടുത്തുകയാണ് അവരുടെ ഇഹപരവിജയത്തിനു നിദാനം. മനുഷ്യ ജീവിതത്തിൻെറ മുഴുവൻ തുറകളിലും അവിടുന്നു മാതൃക കാണിച്ചിട്ടുണ്ട്. വ്യക്തിപരം, കുടുംബപരം. സാമൂഹികം രാഷ്ട്രീയം തുടങ്ങിയ മണ്ഡലങ്ങളിലെല്ലാംതന്നെ നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾപോലും അവിടുത്തെ ജീവിതചര്യയിലൂടെ അവിടുന്ന് ജനങ്ങൾക്കു പഠിപ്പിച്ചു കൊടുത്തിട്ടുണ്ട്.

മറ്റേതു നേതാവിൽ നിന്നും ഭിന്നമായി, റസൂൽ (സ) യുടെ ജീവിതം ഏറ്റവും വ്യക്തമായ രൂപത്തിൽ - അതിൻെറ ഉള്ളും പുറവും ഒരുപോലെ - സമൂഹത്തിൻെറ മുമ്പിൽ ലഭ്യമാണ്. ഒരിക്കൽ സൽമാൻ(റ)വിനോടു ഒരു ജൂതൻ പറയുകയുണ്ടായി. നിങ്ങളുടെ നബി നിങ്ങൾക്ക് എല്ലാ കാര്യങ്ങളും പഠിപ്പിച്ചു വല്ലോ. വിസർജ്ജിക്കുന്നതുപോലും. അദ്ദേഹം പറഞ്ഞു. അതെ, മലമൂത്രവിസർജ്ജനം നടത്തുമ്പോൾ ഖിബ്ലയെ അഭിമുഖീക രിക്കുന്നതും വലതു കൈകൊണ്ടോ മൂന്നിൽ കുറഞ്ഞകല്ലുകൾ കൊണ്ടോ ശുചീകരിക്കുന്നതും അല്ലെങ്കിൽ കാഷ്ടംകൊണ്ടോ എല്ലുകൊണ്ടോ ശുചീകരിക്കുന്നതുമെല്ലാം അദ്ദേഹം ഞങ്ങളോ ടു വിരോധിച്ചിരിക്കുന്നു. (മുസ്ലിം)

لقد علمكم نبيكم صلى الله عليه وسلم كلّ شئ حتى الخراءة

فقال : أجل نهانا أن نستقبل القبلة بغائط أو بول أو نستنجى باليمين

أو نستنجى باقل من ثلاثة أحجار أو أن نستنجى برجيع أو بعظم–مسلم

മുഹമ്മദു നബി(സ)യുടെ ജീവിതത്തിൽ കാണാൻ കഴിയുന്ന ഈ സമ്പൂർണ്ണ മാതൃക ഒരു ജൂതനെപോലും അത്ഭുതപ്പെടുത്തുകയുണ്ടായി.

സത്യമതവും സന്മാർഗദർശനവും ഉത്തമമായ മാതൃക കളുമായി നബി(സ)യെ മുഴുവൻ മനുഷ്യർക്കും മാതൃകയായി അയച്ചത് അല്ലാഹുവത്രെ. അതുകൊണ്ടു തന്നെ റസൂൽ(സ) തിരുമേനിയുടെ ജീവിതം മാതൃകയായി സ്വീകരിച്ചു കൊണ്ടു് മറ്റെല്ലാ മാർഗ്ഗങ്ങളും പരിത്യജിച്ചു ജീവിക്കാൻ മുസ്ലിംകൾ ബാധ്യസ്ഥരുമാണ്. ഖുർആൻ പറയുന്നതു നോക്കൂ-

هُوَ الّذى أرسلَ رسُوله بالهدى ودينِ الحقّ ليُظهره على الدّين كله

ولو كره المشركون – الصف ٩

“തൻെറ ദൂതനെ സത്യമാർഗ്ഗവും സത്യമതവുമായി അയച്ചത് അവനത്രെ. എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻവേണ്ടി. ബഹുദൈവ വിശ്വാസി കൾക്ക് അനിഷ്ടകരമായാലും ശരി. (സ്വഫ്ഫ് -൯)

# സുന്നത്ത് അഥവാ നബിചര്യ

ഭാഷയിൽ സുന്നത്തെന്നപദത്തിനു വഴി, മാർഗ്ഗം, ചര്യ. നടപടിക്രമം എന്നെല്ലാം അർത്ഥം പറയാവുന്നതാണ്. നല്ലതി നെക്കുറിച്ചും ചീത്തയെക്കുറിച്ചും ഇതുപയോഗിക്കാം. ഈപദം ഭാഷാർത്ഥത്തിൽ തന്നെ നബി(സ) പ്രയോഗിച്ചിട്ടുണ്ട്, ജാബിർ (റ)വിൽ നിന്നു 'മുസ്ലിം' ഉദ്ധരിക്കുന്നു:

مَن سنّ سنّة حسنة فله أجرها وأجر من عمل بها الى يوم القيامة

ومن سنّ سنة سيئة فعليه وزرها ووزر من عمل بها الى يوم القيامة

"ഒരു നല്ല ചര്യ ആരെങ്കിലും നടപ്പാക്കിയാൽ അവന്ന് അതിൻെറയും ഖിയാമത്തുനാൾവരെ അതനുസരിച്ചു പ്രവൃത്തി ക്കുന്നവരുടേയും പ്രതിഫലമുണ്ട്. അതുപോലെ, ഒരു ചീത്ത നടപടിക്രമം ആരെങ്കിലും നടപ്പാക്കിയാൽ അവനു അതിൻെറ യും അതനുസരിച്ചു ഖിയാമത്തുനാൾവരെ പ്രവൃത്തിക്കുന്നവരു ടേയും ശിക്ഷയും ലഭിക്കുന്നതാണ്" (മുസ്ലിം)
മറ്റൊരു റിപ്പോർട്ടിൽ,

لتتّبعن سنن من كان قبلكم شبراً بشبر وذِراعا بذراع – متفق عليه

"പൂർവ്വികരുടെ മാർഗ്ഗം മുഴത്തിനു മുഴമായും ചാണിനു ചാണായും നിങ്ങൾ പിൻപറ്റുകതന്നെ ചെയ്യും" (ബുഖാരി, മുസ്ലിം) ഈ രണ്ടു നബി വചനങ്ങളിലും 'സുന്നത്തു' പ്രയോ ഗിച്ചിരിക്കുന്നത് അതിൻെറ ഭാഷാർത്ഥത്തിലാണ്.

സാങ്കേതികമായി - മതപരമായി- അതിൻെറ അർത്ഥം നബിചര്യയെന്നാകുന്നു. നബി(സ)യുടെ വാക്കുകളും പ്രവൃത്തി കളും മൗനാനുവാദങ്ങളും അതുപോലെ ചെയ്യാൻ വേണ്ടി അദ്ദേഹം തീരുമാനിച്ചതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇബ്നു ഹജറുൽ അസ്ഖലാനി (റ)പറയുന്നു-

والمراد بالسنّة ما جاء عن النبي صلى اللّه عليه وسلم من أقواله

وأفعاله وتقريره وماهم بفعله – فتح البارى ١٣/٢٤٥

വാക്കു്, പ്രവൃത്തി, അംഗീകാരം, ഉദ്യമം എന്നീ നിലയിൽ നബി(സ)യിൽ നിന്നു ലഭിച്ച കാര്യങ്ങളാണ് സുന്നത്തു കൊണ്ടു വിവക്ഷിക്കുന്നത്.(ഫത്ഹുൽബാരി 13-245). അപ്പോൾ, പ്രവാചകത്വം ലഭിച്ചതുമുതൽ മരണംവരെ അദ്ദേഹം പറഞ്ഞതും പ്രവർത്തിച്ചതും അംഗീകാരം നല്കിയതുമായ എല്ലാ കാര്യങ്ങളും അവ നിർബ്ബന്ധമായി ചെയ്യേണ്ടതായിരുന്നാലും ഐച്ഛികമായി ചെയ്യേണ്ടതായിരുന്നാലും നബി (സ) യുടെ സുന്നത്തിൽ ഉൾപ്പെടുന്നു. മൊത്തത്തിൽ ഇതിനെ നമുക്കു നബിചര്യ എന്നു വിളിക്കാം. നബിചര്യ എന്ന അർത്ഥത്തിൽ തന്നെ റസൂൽ(സ) സുന്നത്ത് എന്ന പദം പ്രയോഗിച്ചതായി കാണാം. ആയിശ(റ) റിപ്പോർട്ടു ചെയ്യുന്നു- "ഒരിക്കൽ നബി(സ) മൂത്രമൊഴിച്ചപ്പോൾ ഉമർ(റ) ഒരു പാത്രത്തിൽ വെള്ളവുമായി അവിടുത്തെ പിന്നിൽ ചെന്നുനിന്നു. അപ്പോൾ തിരുമേനി ചോദിച്ചു. ഇതെന്താണ് ഉമറേ? അദ്ദേഹം പറഞ്ഞു, താങ്കൾക്കു വുളുവെടുക്കുവാൻ. തിരുമേനി പറഞ്ഞു: മൂത്രമൊഴിക്കുമ്പോഴെല്ലാം വുളുവെടുക്കുവാൻ എന്നോട് കല്പിച്ചിട്ടില്ല. ഞാൻ അങ്ങനെ ചെയ്താൽ അതൊരു സുന്നത്തായി മാറും. (അബൂദാവൂദ്)

عن عائشة قالت: بال رسول الله صلى الله عليه وسلم فقام عمر خلفه بكوز من ماء فقال: ماهذا يا عمر؟ فقال: هذا ماء توضأ به قال: ما أمرت كلما بلت أن اتوضأ ولو فعلت لكانت سنة – أبو داود

ഇതുപോലെ, നബി(സ)യുടെ ഇബാദത്തുകളെക്കുറിച്ചു അന്വേഷിക്കാൻവന്ന മൂന്നുപേരോടുമായി റസൂൽ(സ) പറഞ്ഞു.

فمن رغب عن سنتي فليس مني – البخارى

"എന്റെ ചര്യയിൽനിന്ന് ആരെങ്കിലും വിമുഖത കാണിച്ചാൽ അവൻ എന്റെ കൂട്ടത്തിൽപെട്ടവനല്ല." (ബുഖാരി). ഈ രണ്ടു ഹദീസുകളിലും സുന്നത്തു പ്രയോഗിച്ചിരിക്കുന്നത് നബിചര്യ എന്നർത്ഥത്തിലാണ്.

നബി(സ)യുടെ വാക്കു്, പ്രവൃത്തി. അംഗീകാരം എന്നിവയ്ക്ക് രേഖയായി ചില സംഭവങ്ങൾ താഴെ ഉദ്ധരിക്കുന്നു:

## പ്രസ്താവന قول

ജാബിർ(റ)വിൽ നിന്നു റിപ്പോർട്ട്: നബി(സ) വെള്ളിയാഴ്ച ദിവസം മിമ്പറിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ ഒരു മനുഷ്യൻ പള്ളിയിൽ കയറിവന്നു. നബി(സ) ചോദിച്ചു: താങ്കൾ നമസ്കരിച്ചുവോ? അദ്ദേഹം; ഇല്ല. തിരുമേനിപറഞ്ഞു: എങ്കിൽ എഴുന്നേറ്റു രണ്ടുറകഅത്തു നമസ്ക്കരിക്കുക. (മുത്തഫഖുൻ അലൈഹി). ഇമാം മിമ്പറിൽ പ്രസംഗിക്കുമ്പോൾ പള്ളിയിൽ കയറിവരുന്നവർ ഇരിക്കുന്നതിനു മുമ്പു രണ്ടു റകഅത്തു സുന്നത്തു നമസ്കരിക്കണം. ഇത് ഒരിക്കലും നബി(സ) പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കാൻ സാധ്യതയില്ലല്ലോ. കാരണം, തിരുമേനിയാണല്ലോ എല്ലായ്പോഴും ഖുത്തുബ നിർവ്വഹിക്കുന്നത്. അപ്പോൾ അവിടുന്നത് • വാക്കിലൂടെ പറഞ്ഞുകൊടുക്കുന്നു. ഇത് നബിചര്യയായിത്തന്നെയാണ് പരിഗണിക്കുന്നത്. ഇതുപോലെ മറ്റനേകംപ്രസ്താവനകളും നബി(സ)യുടേതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരുദാഹാരണം: "വിശ്വാസികൾ അവർ പരസ്പരമുള്ള സ്നേഹത്തിലും കാരുണ്യത്തിലും ഒരു ശരീരം പോലെയാണ്. ഒരവയവത്തിനു വല്ലരോഗവും ബാധിച്ചാൽ മറ്റംഗങ്ങളും ഉറക്കമൊഴിച്ചും പനിപിടിച്ചും അതിനോടു സഹകരിക്കുന്നു."

## പ്രവൃത്തി فعل

നബി (സ) യുടെ പ്രവർത്തനങ്ങൾക്കുദാഹരണമായി ധാരാളം സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. വുളു, നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ ഇബാദത്തുകളിലും മറ്റുമായിവന്ന റിപ്പോർട്ടുകളെല്ലാം തിരുമേനിയുടെ കർമ്മപരമായ സുന്നത്തിന് മാതൃകകളാണ്. കർമ്മപരമായ മാതൃകക്ക് ഒരു സംഭവം ഇവിടെ ഉദ്ധരിക്കാം. "സമുറത്തുബ്നു ജുൻദുബ് (റ)വിൽ നിന്ന് റിപ്പോർട്ടു്: അദ്ദേഹം പറയുന്നു, ഗർഭാവസ്ഥയിൽ മരണമടഞ്ഞ ഒരു സ്ത്രീക്കുവേണ്ടി നബി (സ)യുടെ പിന്നിൽ നിന്നു ഞാൻ നമസ്കരിക്കുകയുണ്ടായി.

അപ്പോൾ തിരുമേനി അവരുടെ മദ്ധ്യഭാഗത്തായി നില്ക്കുകയുണ്ടായി." (ബുഖാരി). ഇതു നബി(സ) യുടെ **കർമ്മ**പരമായ ഒരു മാതൃകയാണ്. പ്രത്യുത, വാക്കോ അംഗീകാരമോ അല്ല.

## അംഗീകാരം تقرير

അംഗീകാരം കൊണ്ടുദ്ദേശിക്കുന്നത് തിരുമേനിയുടെ സന്നിധിയിൽവെച്ചു നടന്ന ഒരു സംഭവത്തെക്കുറിച്ചു അവിടുന്നു മൗനാനുവാദം നല്കുക എന്നതാണ്. ഇതും നബിചര്യയായിട്ടാണ് പരിഗണിക്കുന്നത്. ഉദാ: നബി(സ) പങ്കുചേർന്ന ഒരു സദ്യയിൽ ഉടുമ്പുമാംസം ഭക്ഷണമായി വിളമ്പിയപ്പോൾ തിരുമേനി അതു കഴിക്കുകയുണ്ടായില്ല. മറ്റുള്ളവർ കഴിച്ചപ്പോൾ അത് വിലക്കിയതുമില്ല. അതിനെക്കുറിച്ചു് അന്വേഷിച്ചപ്പോൾ തൻെറ നാട്ടിൽ കാണാത്ത ഒരു സാധനമാണെന്നു മാത്രം പറയുകയാണുണ്ടായത്. ഉടുമ്പു മാംസം ഭുജിക്കൽ നിഷിദ്ധമായിരുന്നുവെങ്കിൽ അവിടുന്നത് വിലക്കുമായിരുന്നു.

സംഭവിച്ചു കഴിഞ്ഞ ഒരുകാര്യത്തെക്കുറിച്ചു പിന്നീടു നബി (സ) അറിയുകയും അതിനെതിരിൽ ഒന്നും പറയാതെ അനുവാദം നല്കിയാലും അതു നബിചര്യയായി പരിഗണിക്കുന്നതാണ്. അബൂസഈദിൽ ഖുദ്രി(റ)യിൽ നിന്നു റിപ്പോർട്ട്: "രണ്ടുപേർ യാത്രപുറപ്പെട്ടു. നമസ്കാരസമയമായപ്പോൾ വുളു എടുക്കാൻ വെള്ളംലഭിക്കാതെ വന്നപ്പോൾ തയമ്മും ചെയ്തു രണ്ടുപേരും നമസ്കരിച്ചു. പിന്നീട്, നമസ്കാര സമയത്ത് തന്നെ വെള്ളം ലഭിച്ചപ്പോൾ ഒരാൾ വുളുവെടുത്തു വീണ്ടും നമസ്കരിച്ചു. അപരൻ നമസ്കരിച്ചതുമില്ല. പിന്നീട് അവർ രണ്ടുപേരും നബി(സ)യുടെ അടുക്കൽ വന്നു ഉണ്ടായ സംഭവം അദ്ദേഹത്തോടു വിവരിച്ചു. അപ്പോൾ മടക്കി നമസ്കരിക്കാത്തവനോടു നബി(സ) പറഞ്ഞു: താങ്കൾ സുന്നത്ത് (നബിചര്യ) പ്രാപിച്ചിരിക്കുന്നു. താങ്കളുടെ നമസ്കാരത്തിനു താങ്കൾക്കു പ്രതിഫലം ലഭിക്കുന്നതാണ്. നമസ്കാരം മടക്കി നിർവ്വഹിച്ചവനോടവിടുന്ന് പറഞ്ഞു: താങ്കൾക്കു രണ്ടു പ്രതിഫലമുണ്ട്." (നസാഇ, അബൂദാവൂദ്). "ബനൂഖുറൈളയിൽ വെച്ചല്ലാതെ

നിങ്ങൾ അസർ നമസ്കരിക്കരുത്" എന്നു നബി(സ) പറഞ്ഞതിനെ രണ്ടുരൂപത്തിൽ മനസ്സിലാക്കി രണ്ടുരൂപത്തിൽ പ്രവർത്തിച്ചവർക്കും നബി(സ) പിന്നീട് അംഗീകാരംനല്കിയ സംഭവവും ഇതിനൊരു ഉദാഹരണമാണ്.

## വർജ്ജിക്കലും സുന്നത്ത്

നബി(സ)യുടെ പ്രവർത്തനങ്ങൾ സുന്നത്താകുന്നതു പോലെ അദ്ദേഹം വർജ്ജിച്ചകാര്യങ്ങൾ വർജ്ജിക്കലും സുന്നത്തുതന്നെ. അഥവാ അവിടുന്ന് ഒഴിവാക്കിയ കാര്യങ്ങൾ ഒഴിവാക്കിയും അനുഷ്ഠിച്ച കാര്യങ്ങൾ അനുഷ്ഠിച്ചുകൊണ്ടും തന്നെയാണ് നാം അദ്ദേഹത്തെ മാതൃകയാക്കേണ്ടത്.

ജുമുഅ നമസ്കാരത്തിനു റസൂൽ(സ) ബാങ്ക് സുന്നത്തായി കല്പിച്ചിട്ടുണ്ട്. എന്നാൽ രണ്ടുപെരുന്നാൾ നമസ്കാരത്തിന് ബാങ്ക്വിളിക്കാൻ അവിടുന്ന് നിർദ്ദേശിച്ചിട്ടില്ല. ഇവിടെ നബി (സ) യുടെ മാതൃക പിന്തുടരേണ്ടത്, ജുമുഅക്ക് ബാങ്ക് വിളിച്ചുകൊണ്ടും പെരുന്നാൾ നമസ്കാരത്തിനു ബാങ്ക് വിളിക്കാതെയുമാണ്. നല്ലതാണെന്ന വിശ്വാസത്തിൽ ബാങ്ക് നടപ്പാക്കിയാൽ അതു നബിചര്യയിൽ നിന്നുള്ള വ്യതിയാനമാണ്. മതത്തിൽ പുതുനിർമ്മിതി നടത്തലുമാണ്. ഫർളു നമസ്കാരങ്ങൾക്ക്നബി(സ) ജമാഅത്ത് പുണ്യകരമാക്കിയിട്ടുണ്ട്. എന്നാൽ അതിൻെറ കൂടെയുള്ള റവാതിബ് സുന്നത്തു നമസ്കാരങ്ങൾക്കു ജമാഅത്ത് സുന്നത്തില്ല. ഇവിടെ നബി ചര്യ പിന്തുടരേണ്ടതു പ്രസ്തുത സുന്നത്ത് നമസ്കാരങ്ങൾക്ക് ജമാഅത്ത് ഒഴിവാക്കിക്കൊണ്ടും ഫർളു നമസ്കാരങ്ങൾക്ക് ജമാഅത്ത് നടത്തിക്കൊണ്ടുമാണ്. ജമാഅത്ത് നമസ്കാരത്തിൻെറ പ്രാധാന്യവും പുണ്യവും കണക്കുകൂട്ടി സുന്നത്തു നമസ്കാരങ്ങൾക്കു ജമാഅത്ത് സംഘടിപ്പിക്കുന്നത് മതത്തിൽ നൂതനാചാരങ്ങൾ സൃഷ്ടിക്കലാണ്. ചുരുക്കത്തിൽ, നബി(സ) വാക്ക്, പ്രവൃത്തി, അംഗീകാരം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കാണിച്ചുതന്നമാതൃക പിന്തുടർന്നുകൊണ്ടും അദ്ദേഹം വർജ്ജിച്ച കാര്യങ്ങൾ ഒഴിവാക്കിയുമാണ് നബി(സ)യെ മാതൃകയാക്കേണ്ടത്.

## ബിദ്അത്തിൻെറ വിവക്ഷ

പൂർവ്വ മാതൃകയില്ലാതെ ഉണ്ടാക്കപ്പെടുന്ന കാര്യങ്ങൾക്കാണ് ഭാഷയിൽ 'ബിദ്അത്ത്' എന്ന് പ്രയോഗിക്കുന്നത്.

വിശുദ്ധ ഖുർആൻ പറയുന്നു قل ما كنت بدعا من الرّسل – الاحقاف "പറയുക ഞാൻ പ്രവാചകരിൽ ഒരു പുതിയ വ്യക്തിയല്ല." (അഹ്ഖാഫ്-9). അതായത് അല്ലാഹു ആദ്യമായി നടത്തിയ ഒരു പ്രവാചകനിയോഗമല്ല എൻേറത്. പ്രത്യുത, പൂർവ്വകാലങ്ങളിൽ വന്നുപോയ പ്രവാചക ശൃംഖലയിലെ ഒരു കണ്ണി മാത്രമാണ് ഞാൻ. എനിക്ക് മുമ്പും ധാരാളം പ്രവാചകർ നിയോഗിതരായിട്ടുണ്ട് എന്നർത്ഥം.

ഇതുപോലെ,മുമ്പ് മാതൃകയില്ലാത്ത കാര്യങ്ങൾ പുതുതായി ഉണ്ടാക്കിയതിനെക്കുറിച്ചും വി.ഖുർആൻ 'ബിദ്അത്ത്" എന്നപ്രയോഗം നടത്തിയിട്ടുണ്ട്. ورهبانيّةً ابتدعوها – الحديد "പൗരോഹിത്യം അവർ പുതുതായുണ്ടാക്കിയതാണ്" (അൽ ഹദീദ്-27). വിശുദ്ധഖുർആൻ അല്ലാഹുവിൻെറ വിശേഷണമായി ഒന്നിലധികം സ്ഥലങ്ങളിൽ പരിചയപ്പെടുത്തുന്നത്, പ്രപഞ്ചമാസകലം പൂർവ്വ മാതൃകകളൊന്നുമില്ലാതെ സൃഷ്ടിച്ചു എന്നുള്ളതാണ്. ഈ സൃഷ്ടിപ്പിനെകുറിച്ചുള്ള പരാമർശങ്ങളിലും ഈ പ്രയോഗം തന്നെ കാണാം.

بديعُ السّموات والأرض – البقرة "ഉപരിലോകങ്ങളും ഭൂമിയും പുതുതായുണ്ടാക്കിയവൻ" (അൽബഖറ - 117). ചുരുക്കത്തിൽ ഭാഷാപരമായിത്തന്നെ വിശുദ്ധഖുർആൻ 'ബിദ്അത്ത്' എന്ന പദത്തിൻെറ ഭിന്നരൂപങ്ങൾ, പൂർവ്വമാതൃകയില്ലാത്തത് എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞതിൽനിന്ന്, മുൻമാതൃകയൊന്നുമില്ലാതെ ഉണ്ടാക്കപ്പെടുന്ന എല്ലാ കാര്യങ്ങൾക്കും ബിദ്അത്ത് എന്ന് പ്രയോഗിക്കപ്പെടുന്നുവെന്ന് വ്യക്തമാണ്. നല്ലതായാലും ചീത്തയായാലും അത് പ്രയോഗിക്കപ്പെടുന്നു. എന്നാൽ സാങ്കേതിക

മായി അത് ധാരാളമുപയോഗിക്കുന്നത് ചീത്ത കാര്യങ്ങളുമായി ബന്ധപ്പെടുത്തിയാണ്. (നിഹായ- ഇബ്നുൽ അസീർ).

മതപരമായി ബിദ്അത്തിൻെറ വിവക്ഷ : അല്ലാഹുവിലേക്കുള്ള സാമീപ്യം കാംക്ഷിച്ചുകൊണ്ട് മതപരമായൊരു രേഖയുമില്ലാതെ മതത്തിൽ അതിനു തുല്യമായി സൃഷ്ടിച്ചുണ്ടാക്കുന്ന വഴിയാണ്. ഇമാം ശാത്വിബി (റ) യാണ് ഇങ്ങനെ നിർവചിച്ചിട്ടുള്ളത്.

الطريقة المخترعة فى الدين تضاهى الشريعة يقصد بها التقرّب الى اللّه ولم يقم على صحتها دليل شرعى صحيح أصلا أو وصفا - الاعتصام:٣٧-١

ഈ നിർവ്വചനത്തിൻെറ അടിസ്ഥാനത്തിൽ ഭൗതിക ലോകത്ത് കാലാകാലങ്ങളിൽ ഉണ്ടാകുന്ന പുതിയ കണ്ടുപിടുത്തങ്ങളും മറ്റും ബിദ്അത്തിൻെറ പരിധിയിൽ നിന്നു പുറത്തു പോകുന്നു. ഉദാ: പുതിയ തരത്തിലുള്ള വാഹനങ്ങളും ഭക്ഷണങ്ങളുമെല്ലാം. ഇതെല്ലാം മതം അനുവദിച്ച കാര്യങ്ങളാണ്. ഭൗതികമായി പുതുതായി നടക്കുന്ന കണ്ടുപിടുത്തങ്ങളും മറ്റും മതത്തിന് എതിരാകരുത് എന്നതാണ് ഇസ്ലാമിൻെറ തത്വം. ഇസ്ലാമിന് എതിരല്ലാത്ത കാര്യങ്ങളുടെ മേഖല വളരെ വിശാലമാണ്. അതുകൊണ്ട് അവിടെ നടക്കുന്ന പുതുനിർമ്മിതികൾമതപരമായ അർത്ഥത്തിലുള്ള ബിദ്അത്തിൻെറ പരിധിയിൽ ഉൾപ്പെടുന്നില്ല. മതം റസൂൽ(സ)യോടുകൂടി പൂർത്തിയായതുകൊണ്ട് അതിൽ ഇനി ആർക്കും നൂതനാചാരങ്ങളുണ്ടാക്കാവതല്ല. എന്നാൽ, ദുനിയാവിൻെറ കാര്യങ്ങൾ മതത്തിനു വിരുദ്ധമല്ലാത്ത രൂപത്തിൽ പുതുനിർമ്മിതികൾ നടത്താവുന്നതാണ്. അത് അല്ലാഹുവും റസൂലും വിലക്കിയതല്ല. റസൂൽ(സ) പഠിപ്പിച്ചത് "നമ്മുടെ ഈ മത കാര്യത്തിൽ പുതിയത് നിർമ്മിച്ചാൽ അതു തള്ളിക്കളയണമെന്നാണ്". അപ്പോൾ മതത്തെ സംബന്ധിച്ചു അതിൻെറ ശുദ്ധവും പൂർണ്ണവുമായ രൂപം നബി(സ)യുടെ കാലഘട്ടത്തിലുണ്ടായിരുന്നതാണ്. ഭൗതികകാര്യങ്ങളാകട്ടെ അവ കാലഘട്ടങ്ങൾക്കും പരിതോവസ്ഥകൾക്കുമനുസരിച്ചു മാറിക്കൊണ്ടിരിക്കുകയും ചെയ്യും.

## മത നിയമങ്ങൾ

അല്ലാഹു മതനിയമങ്ങൾ എല്ലാ അർത്ഥത്തിലും പൂർണ്ണമായി നമുക്ക് പഠിപ്പിച്ചു തന്നിരിക്കുന്നു. മതനിയമങ്ങൾ ഉണ്ടാക്കാനുള്ള പരിപൂർണ്ണാധികാരം അല്ലാഹുവിൽ മാത്രം നിക്ഷിപ്തമാണ്. മറ്റാർക്കും അതിൽ യാതൊരു അധികാരവും സ്വാധീനവുമില്ല. മനുഷ്യർക്ക് നിയമനിർമ്മാണമല്ല പ്രത്യുത, അല്ലാഹു അറിയിച്ചുതന്ന നിയമങ്ങൾ ജീവിതത്തിൽ നടപ്പാക്കി ജീവിക്കുക എന്നതു മാത്രമെ ബാധ്യതയുള്ളൂ. ഇത് ഇസ്ലാമിന്റെ മൗലികമായ വിശ്വാസം തന്നെയാണ്. ഖുർആൻ പറയുന്നു:

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا – المائدة ٣

"ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തീകരിച്ചു തരികയും എന്റെ അനുഗ്രഹം നിങ്ങളുടെമേൽ പൂർണ്ണമാക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് ഞാൻ മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു." ( മാഇദ -3).

പ്രവാചകൻ എന്ന നിലയിൽ തന്റെമേൽ ബാദ്ധ്യതയായ, ദൗത്യമെത്തിക്കുക എന്ന കടമ പൂർണ്ണമായിത്തന്നെ പ്രവാചകൻ നിർവ്വഹിക്കുകയുണ്ടായി. യാതൊരുവിധ ന്യൂനതയും പോരായ്മയും അതിൽ സംഭവിച്ചിട്ടില്ല. തന്റെ ദൗത്യ നിർവ്വഹണത്തിലും പൂർത്തീകരണത്തിലും തികഞ്ഞ സംതൃപ്തിയോടെ റസൂൽ (സ) വിടവാങ്ങുകയും ചെയ്തു. യാതൊരു ഏറ്റക്കുറച്ചിലുകൾക്കും ഇനി മതത്തിൽ പഴുതില്ല. നബി (സ) പറയുന്നു:

ما تركت من شيئ يقرّبكم الى الجنّة إلا قد حدّثتكم به وما من شيئ يبعدكم من النار الا قد حدثتكم به – الطبراني

"നിങ്ങളെ സ്വർഗ്ഗത്തിലേക്കടുപ്പിക്കുന്ന ഒരു കാര്യവും നരകത്തിൽനിന്നു അകറ്റുന്ന ഒരു കാര്യവും നിങ്ങൾക്കു ഞാൻ പറഞ്ഞുതരാതെ വിട്ടേച്ചിട്ടില്ല". (ത്വബ്റാനി). അപ്പോൾ ഒരു സത്യവിശ്വാസിക്ക് സ്വർഗ്ഗപ്രവേശം നേടാൻ പുതിയ മാർഗ്ഗ

ങ്ങളൊന്നും കണ്ടുപിടിക്കേണ്ടതില്ല. റസൂൽ(സ) തന്നെ ആ കാര്യങ്ങളെല്ലാം പൂർണ്ണമാക്കിത്തന്നിട്ടുണ്ട്.

റസൂൽ(സ)യുടെ ശിഷ്യനായ ഹുദൈഫ(റ) ഈകാര്യം വിശദീകരിക്കുന്നതിങ്ങനെയാണ്.

كلّ عبادة لا يتعبّدها أصحاب رسول الله فلا تعبّدوها فان الأول لم يدع للآخر مقالا – ابوداود

"റസൂൽ(സ)യുടെ ശിഷ്യന്മാർ (സ്വഹാബിമാർ) അനുഷ്ഠിക്കാത്ത ഒരു ഇബാദത്തും (പിൻഗാമികളായ) നിങ്ങൾ ചെയ്തുപോകരുത്. കാരണം. മുൻഗാമി പിൻഗാമിക്കുവേണ്ടി ഒരു വാക്കിനും ഇടവിട്ടിട്ടില്ല" (അബൂദാവൂദ്). റസൂൽ(സ)യുടെ കാലത്ത്തന്നെ മതം പൂർത്തിയായതുകൊണ്ട് സ്വർഗ്ഗപ്രവേശം ലഭിക്കുവാനും നരകത്തിൽ നിന്നു മുക്തി നേടാനുമായി ഒരു കാര്യവും ആരും പുതുതായി ആവിഷ്ക്കരിക്കേണ്ടതില്ല. അതിനുള്ള ഒരു പഴുതും റസൂൽ(സ) ബാക്കിയാക്കിയിട്ടില്ല.

മതനിയമനിർമ്മാണം അല്ലാഹുവിൻെറമാത്രം അവകാശമാണ്. മനുഷ്യർക്കതിൽ യാതൊരു പങ്കുമില്ല. മതത്തിൽ പുതിയ നിയമങ്ങൾ ആവിഷ്ക്കരിക്കാൻ മനുഷ്യർക്കവകാശമുണ്ടാവുകയാണെങ്കിൽ അതിൽനിന്ന് വെട്ടിക്കുറക്കാനും അവകാശമുണ്ടാകും. അത്കൊണ്ടാണ് നബി(സ) പറഞ്ഞത്:

إذا حدّثتكم حديثا فلا تزيدن عليّ – أحمد

"ഞാൻ നിങ്ങളോട് സംസാരിച്ചതിൽ നിങ്ങൾ ഒന്നും അധികരിപ്പിക്കരുത്" (അഹ്മദ്).

അപ്പോൾ മതത്തിൽ പുതിയ നിയമങ്ങളാവിഷ്ക്കരിക്കുന്നവൻ തൻെറ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും മതം പൂർത്തിയായിട്ടില്ല എന്ന് വാദിക്കുകയാണ് ചെയ്യുന്നത്. ഇനിയും മതത്തിൽ ഉണ്ടാക്കപ്പെടേണ്ട നിയമങ്ങളുണ്ട് എന്ന് അയാൾ അംഗീകരിക്കുകയും ചെയ്യുന്നത് പോലെയാണത്. പുതിയ നിയമങ്ങളാവിഷ്ക്കരിക്കുന്ന വ്യക്തി അല്ലാഹുവിൻെറ അവകാശത്തിൽ പങ്കുചേർക്കുകയാണ് ഫലത്തിൽ ചെയ്യുന്നത്. മനുഷ്യർക്ക് മതത്തിൽ യഥേഷ്ടം നിയമനിർമ്മാണാവകാശം

നല്കുകയാണെങ്കിൽ മതം പഠിപ്പിക്കാൻ ഒരു പ്രവാചകനെ അല്ലാഹു നിയോഗിക്കേണ്ടതില്ലല്ലോ. എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് കൃത്യമായി പഠിപ്പിച്ചുതരാൻ വേണ്ടിയാണല്ലോ പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചിട്ടുള്ളത്. അല്ലാഹുവും റസൂലും വിധിച്ചു കഴിഞ്ഞ ഒരു വിഷയത്തിൽ വിശ്വാസികൾക്ക് യാതൊരു സ്വാതന്ത്ര്യവും ഇസ്‌ലാം അനുവദിക്കുന്നില്ല. ഖുർആൻ പറയുന്നു:

وماكان لمؤمن ولا مؤمنة إذا قضى الله ورسوله أمرا أن يكون لهم الخيرة من أمرهم ومن يعص الله ورسوله فقد ضلّ ضلالاً مبيناً – الاحزاب

"അല്ലാഹുവും റസൂലും ഒരു കാര്യം വിധിച്ചുകഴിഞ്ഞാൽ സത്യവിശ്വാസിക്കും സത്യവിശ്വാസിനിക്കും അവരുടെകാര്യത്തിൽ സ്വാതന്ത്ര്യമില്ല. അല്ലാഹുവിനും റസൂലിനും ആർ എതിർ പ്രവർത്തിച്ചുവോ അവൻ വ്യക്തമായ വഴിപിഴവിൽ പെട്ടിരിക്കുന്നു."(അഹ്സാബ് -36). അതുകൊണ്ടാണ് ഇമാം മാലിക്(റ) ഇങ്ങനെപറഞ്ഞത്. "ആരെങ്കിലും ഇസ്‌ലാമിൽ പുതിയ ആചാരമുണ്ടാക്കി അത് നല്ലതാണെന്ന് മനസ്സിലാക്കിയാൽ മുഹമ്മദ് (സ) തന്റെ ദൗത്യത്തിൽ വഞ്ചനകാണിച്ചിരിക്കുന്നുവെന്നവൻ വാദിച്ചു. കാരണം, അല്ലാഹു പറയുന്നു "ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു.." അന്ന് മതമല്ലാത്ത ഒരുകാര്യം ഇന്നു മതമാകുകയില്ല." (അൽ ഇഅ്തിസ്വാം 1-48).

## എല്ലാ ബിദ്അത്തും വഴിപിഴവ്

നബി(സ)യിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരുകാര്യം എല്ലാ ബിദ്അത്തുകളും വഴിപിഴവുകളാണ് എന്നതാണ്. ഏതെങ്കിലും ബിദ്അത്ത് നല്ലതാണെന്ന് നബി(സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. നബി(സ) പറഞ്ഞതായി ഇർബാളു ബ്നു സാരിയ റിപ്പോർട്ടു ചെയ്യുന്നു:

وايّاكم ومحدثات الأمور فان كل بدعة ضلالة – ترمذى، ابن ماجه، أحمد

'നിങ്ങൾ പുതുനിർമ്മിതികളെ സൂക്ഷിക്കുക. കാരണം എല്ലാ ബിദ്അത്തും വഴിപിഴവാണ്.' (തിർമിദി, ഇബ്നുമാജ, അഹ്മദ്). മറ്റൊരു റിപ്പോർട്ട്:

عن جابر بن عبد الله (ر) قال : كان رسول الله صلى الله عليه وسلم يخطب الناس فيحمد الله ويثنى عليه بما هو أهله ثم يقول: من يهده الله فلا مضل له ومن يضلله فلا هادى له وخير الحديث كتاب الله عز وجل وخير الهدى هدي محمد صلى الله عليه وسلم وشر الأمور محدثاتها وكل محدثة بدعة – مسلم

'ജാബിറു ബ്നു അബ്ദുല്ല(റ) പറയുന്നു. നബി(സ) ജനങ്ങളോട് പ്രസംഗിക്കുമ്പോൾ അല്ലാഹുവെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്യും. പിന്നീട് പറയും, അല്ലാഹു സന്മാർഗത്തിലാക്കിയവരെ വഴിപിഴപ്പിക്കുന്നവരില്ല. അവൻ വഴി പിഴപ്പിച്ചവരെ സന്മാർഗത്തിലാക്കുന്നവരുമില്ല. ഏറ്റവും നല്ല സംസാരം അല്ലാഹുവിൻെറ കിതാബും ഏറ്റവും നല്ലജീവിത ചര്യ മുഹമ്മദ്(സ)യുടെ ജീവിതചര്യയുമാണ്. കാര്യങ്ങളിൽ ചീത്ത പുതു നിർമ്മിതികളാണ്. എല്ലാ പുതു നിർമ്മിതികളും ബിദ്അത്തുകളാണ്' (മുസ്ലിം)

عن عائشة (ر) قالت: قال رسول الله صلى الله عليه وسلم من أحدث فى أمرنا ما ليس منه فهو ردٌّ (متفق عليه) وفى رواية : من عمل عملا ليس عليه امرنا فهو ردّ – مسلم

"ആയിശ (റ)യിൽ നിന്ന്: നബി(സ) പറഞ്ഞു. നമ്മുടെ കാര്യത്തിൽ അതിലില്ലാത്തത് ആരെങ്കിലും പുതുതായിഉണ്ടാക്കിയാൽ അത് തള്ളേണ്ടതാണ്" (മുത്തഫഖുൻ അലൈഹി). മറ്റൊരു റിപ്പോർട്ടിൽ,"നമ്മുടെ കല്പനയില്ലാത്ത കാര്യം ആരെങ്കിലും പ്രവൃത്തിച്ചാൽ അത് തള്ളേണ്ടതാണ്" (മുസ്ലിം).

'എല്ലാബിദ്അത്തുകളും വഴികേടാണ്' എന്ന പ്രയോഗത്തിൻെറ അടിസ്ഥാനത്തിൽ ഒന്നും മാറ്റി നിർത്താനാവില്ല. ഏതൊരുകാര്യവും മതത്തിൽ പുതുതായുണ്ടാക്കപ്പെട്ടതാണെങ്കിൽ അതു വഴിപിഴവാണെന്ന് വ്യക്തമാണ്. അപ്പോൾ

അല്ലാഹുവും റസൂലും പഠിപ്പിച്ചിട്ടില്ലാത്ത ഒരു കാര്യം മതമായി ആരെങ്കിലും കൊണ്ടുവരികയോ നടപ്പാക്കുകയോ ചെയ്താൽ അത് എത്ര നല്ലതാണെന്ന് തോന്നിയാലും സ്വീകാര്യമല്ലതന്നെ. കാരണം,മതത്തിൽ എന്തുതന്നെ പുതുനിർമ്മിതി നടത്തിയാലും അതിനെക്കുറിച്ചു റസൂൽ(സ) പറഞ്ഞത് 'എല്ലാ ബിദ്അത്തും വഴിപിഴവാണ്' എന്നാണല്ലോ.

## 'നല്ല ബിദ്അത്ത്'

ബിദ്അത്ത് ഏറ്റവും ചീത്തയാണെന്നതിൽ ഭിന്നാഭിപ്രായമേയില്ല. സഹാബികളുടെ വാക്കുകളും പ്രവൃത്തികളും പരതി നോക്കിയാൽ ഇതിനു ധാരാളം രേഖകൾ കാണാൻ കഴിയും. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു.

اتبعوا ولا تبتدعوا فقد كفيتم – الطبراني

"നിങ്ങൾ റസൂൽ(സ)യെ അനുധാവനം ചെയ്യുക. പുതുനിർമ്മിതി നടത്തരുത്. നിങ്ങൾക്കത്തന്നെ ആവശ്യത്തിനു മതിയായതാണ്" (ത്വബ്റാനി). ഇബ്നു ഉമർ (റ) പറയുന്നു.

كلّ بدعة ضلالة وان رآها الناس حسنة – الدارمى

'എല്ലാ ബിദ്അത്തും വഴിപിഴവാണ്. ജനങ്ങൾക്കത് എത്ര നന്നായി തോന്നിയാലും' (ദാരിമി)

എന്നാൽ നമ്മുടെ ചില പണ്ഡിതന്മാർ ജനങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് നല്ല ബിദ്അത്തുകൾ എന്നപേരിൽ ആചാരങ്ങളും പുണ്യകർമ്മങ്ങളുമുണ്ടാക്കാമെന്നാണ്. നാട്ടിൽ നടക്കുന്ന ബിദ്അത്തുകൾക്കെല്ലാം രേഖയുണ്ടാക്കുകയാണ് ഇതിൻെറ ലക്ഷ്യം. മതത്തിൽ നിയമനിർമ്മാണം നടത്തൽ മനുഷ്യൻെറ അവകാശത്തിൽ പെട്ടതല്ലെന്ന് ഇതുവരെ വിശദീകരിച്ചതിൽ നിന്നു നാം മനസ്സിലാക്കിയതാണല്ലോ. അല്ലാഹു പറയുന്നതു നോക്കൂ:

أم لهم شركاؤا شرعوا لهم من الدين مالم يأذن به اللّه ٤٢–٢١

അല്ലാഹു അനുവദിച്ചിട്ടില്ലാത്തതിനെ മതത്തിൽ നിയമമാക്കികൊടുത്ത വല്ല പങ്കുകാരും അവർക്കുണ്ടോ? (42/21)

എത്ര ഗൗരവമുള്ള ചോദ്യമാണിത്. നല്ലബിദ്അത്തുകളെന്നപേരിൽ പുതുനിർമ്മിതികൾ നടത്തുന്നവർ ഫലത്തിൽ അല്ലാഹുവിൻെറ അധികാരത്തിൽ പങ്കുചേർക്കുകയാണ് ചെയ്യുന്നത്.

നല്ലതാണെന്ന പേരിൽ മതത്തിൽ പുണ്യകർമ്മങ്ങൾ നിശ്ചയിക്കാൻ ആർക്കെങ്കിലും അവകാശമുണ്ടെങ്കിൽ അതൊരു മഹത്തായ പുണ്യകർമ്മമെന്നനിലക്ക് എല്ലാവരും അതിനുവേണ്ടി മുന്നോട്ട് വരാൻ പണ്ഡിതന്മാർ ജനങ്ങളെ ആഹ്വാനം ചെയ്യേണ്ടതാണല്ലോ. ഓരോ ദിവസവും ഓരോ പ്രദേശങ്ങളിൽ ഓരോ വിധത്തിലുള്ള പുണ്യകർമ്മങ്ങൾ നിർമ്മിക്കുന്ന സമ്പ്രദായം നിലവിൽവന്നാൽ ഈ മതത്തിൻെറ അവസ്ഥ എന്തായിരിക്കുമെന്ന് ആലോചിച്ചു നോക്കൂ. അല്ലാഹുവും റസൂലും പഠിപ്പിച്ചുതന്നിട്ടില്ലാത്ത മറ്റൊരു മതമായി ഇതു മാറിയിട്ടുണ്ടാകും.

നല്ല ബിദ്അത്തുകൾ ഉണ്ടാക്കാം എന്നതിനു രേഖയായി പുരോഹിതന്മാർ ഉദ്ധരിക്കുന്ന പ്രധാനതെളിവ്, തറാവീഹ് നമസ്കാരത്തെക്കുറിച്ച് ഉമർ(റ)നടത്തിയ പരാമർശമാണ് نعمة البدعة هي. (ഇതെത്ര നല്ല ബിദ്അത്ത്) ഇത് ഒരിക്കലും നല്ല ബിദ്അത്തുകാർക്ക് രേഖയല്ല. സംഭവത്തിൻെറ ചുരുക്കമിതാണ്. ഉമർ(റ) ഒരു ദിവസം റമളാനിൽ പള്ളിയിൽ വന്നപ്പോൾ ജനങ്ങൾ ഒറ്റയായും വിവിധ സംഘങ്ങളായും പള്ളിയിൽ നമസ്കരിക്കുന്നത് കാണുകയുണ്ടായി. അപ്പോൾ അദ്ദേഹംപറഞ്ഞു, ഇവരെയെല്ലാവരേയുംകൂടി ഒരു ഇമാമിൻെറ നേതൃത്വത്തിൽ ഒരുമിച്ചുകൂട്ടിയാൽ എത്ര നന്നായിരുന്നു. അങ്ങനെ ഉബയ്യുബ്നു കഅബിൻെറ നേതൃത്വത്തിൽ ജമാഅത്തു സംഘടിപ്പിച്ചു. പിന്നീട് മറ്റൊരു ദിവസം അദ്ദേഹം പള്ളിയിൽ വന്നപ്പോൾ ജനങ്ങളെല്ലാം ഒരു ഇമാമിൻെറ കീഴിൽ

നമസ്കരിക്കുന്നത് അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഇത് എത്ര നല്ല ബിദ്അത്ത് (ബുഖാരി).

നബി(സ)യുടെ കാലത്ത് ഒരൊറ്റ ജമാഅത്തായി നടന്നിരുന്ന നമസ്കാരം പില്ക്കാലത്ത് ജനങ്ങൾ ഒറ്റയായും വിവിധ സംഘങ്ങളായും ഒരു പള്ളിയിൽവെച്ചുതന്നെ നടത്തുന്നത് കണ്ടപ്പോൾ ഉമർ(റ) അതിനെ ഏകീകരിക്കുക മാത്രമാണ്ചെയ്തത്. അല്ലാതെ. പുതുതായൊന്നും നിർമ്മിക്കുകയുണ്ടായില്ല. റസൂൽ(സ)യുടെ ഒരു സുന്നത്തിനെ അതിൻെറ ശരിയായ രൂപത്തിലേക്കു തിരിച്ചുകൊണ്ടുവരിക മാത്രമാണ് ചെയ്തത്. ഇതിനെക്കുറിച്ച് ഭാഷാപരമായ അർത്ഥത്തിൽ മാത്രമാണ് അദ്ദേഹം ബിദ്അത്ത് എന്ന് പ്രയോഗിച്ചത്. ഉമർ (റ)ൻെറ പ്രസ്താവം കേവലം ഭാഷാപരമായിരുന്നു എന്നാണ് ഇബ്നുഹജറുൽ ഹൈതമി(റ)യും പറയുന്നത്.

وقول عمر فى صلاة التراويح نعمت البدعة هي أراد البدعة اللغوية .... وليست بدعة شرعيا. فان البدعة الشرعية ضلالة كما قال صلى الله عليه وسلم ومن قسمها العلماء الى حسن وغير حسن فانما قسم البدعة اللغوية ومن قال كل بدعة ضلالة فمعناه البدعة الشرعية – الفتاوى الحديثية

തറാവീഹ് നമസ്കാരത്തെ സംബന്ധിച്ച് അത് നല്ല ബിദ്അത്താണ് എന്ന് ഉമർ(റ) പറഞ്ഞത് അതിൻെറ ഭാഷാപരമായ അർത്ഥത്തിലാണ്.... മതപരമായ ബിദ്അത്തല്ല. കാരണം മതപരമായ ബിദ്അത്ത് നബി(സ) പറഞ്ഞതുപോലെ വഴിപിഴവാണ്. എന്നാൽ പണ്ഡിതന്മാർ ആരെങ്കിലും അതിനെ നല്ലത്, ചീത്ത എന്നിങ്ങനെ വിഭജിച്ചിട്ടുണ്ടെങ്കിൽ അത് ഭാഷാപരമായ ബിദ്അത്തിനെയാണ്. (അതുപോലെ) എല്ലാ ബിദ്അത്തും വഴിപിഴവാണെന്ന് ഒരാൾ പറയുമ്പോൾ അതിൻെറ അർത്ഥം മതപരമായ ബിദ്അത്താണ്." (ഫതാവ അൽ ഹദീസിയ്യ-240)

## സുന്നത്തിൻെറ പ്രാധാന്യവും ബിദ്അത്തിൻെറ ഗൗരവവും

അല്ലാഹുവും റസൂലും പഠിപ്പിച്ചുതന്നിട്ടില്ലാത്ത കാര്യങ്ങൾ മതത്തിൽ പുതുതായി നിർമ്മിക്കുന്നതിനാണ് ബിദ്അത്ത് എന്നു പറയുന്നതെന്ന് മുകളിലെ വിശദീകരണത്തിൽ നിന്നു നാം മനസ്സിലാക്കിയല്ലൊ. എന്നാൽ, ഇവ്വിധം ഒട്ടനവധി കാര്യങ്ങൾ മുസ്ലിംസമൂഹത്തിൽ വേരുറച്ചതായി നമുക്ക് കാണാൻ കഴിയും. വിശുദ്ധ ഖുർആനോ തിരുസുന്നത്തോ പരിശോധിച്ചു നോക്കിയാൽ അവയ്ക്കൊന്നും യാതൊരു രേഖയും കണ്ടെത്താൻ കഴിയുകയില്ല.

മറ്റുപാപങ്ങൾ ചെയ്യുന്നതിലേറെ ഗുരുതരമാണ് ബിദ്അത്ത് ചെയ്യുന്നത്. മറ്റു പാപങ്ങൾ ചെയ്യുന്ന മനുഷ്യനു താൻചെയ്യുന്നത് ഒരു കുറ്റകരമായകാര്യമാണ് എന്ന് ബോധ്യമുള്ളതുകൊണ്ട് ചെയ്യുമ്പോൾ മനസ്സാക്ഷിക്കുത്ത് അനുഭവപ്പെടുന്നു. അതോടുകൂടിത്തന്നെ അവന് പശ്ചാത്താപ ബോധവും ഉണ്ടാകുന്നു. എന്നാൽ, ബിദ്അത്ത് ചെയ്യുന്നവൻ തികഞ്ഞ വിശ്വാസത്തോടും ഒരു സൽക്കർമ്മമെന്ന ഭാവത്തിലുമാണത് നിർവ്വഹിക്കുന്നത്. അതുകൊണ്ടുതന്നെ അവനൊരിക്കലും അതിൽ പശ്ചാത്താപബോധമുണ്ടാകുന്നില്ല.അതിനാൽ പിശാച് ഏറ്റവും ഇഷ്ടപ്പെടുന്നതും ബിദ്അത്ത് തന്നെ.

ബിദ്അത്തിൻെറ ഗൗരവത്തെക്കുറിച്ചു ഖുർആനും ഹദീസും ധാരാളമായി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. അല്ലാഹു പറയുന്നു.

يا أيها الذين آمنوا أطيعوا الله وأطيعوا الرسول ولا تبطلوا أعمالكم – محمد

"സത്യവിശ്വാസികളെ. നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക. നിങ്ങളുടെ കർമ്മങ്ങൾ നിങ്ങൾ നിഷ്ഫലമാക്കിക്കളയരുത്" (മുഹമ്മദ്-32). കർമ്മങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമായിത്തീരണമെങ്കിൽ അവ അല്ലാഹുവും റസൂലും നിർദ്ദേശിച്ചതായിരിക്കണം

അല്ലാഹുവിൻെറയും റസൂലിൻെറയും നിർദ്ദേശങ്ങൾക്കു വിധേയമല്ലാത്ത കർമ്മങ്ങൾ തീർത്തും നിഷ്ഫലമായിരിക്കു മെന്നാണ് പ്രസ്തുതസൂക്തം നമ്മെ പഠിപ്പിക്കുന്നത്. ബിദ് അത്തുകൾ അല്ലാഹുവിൻെറയും റസൂലിൻെറയും കല്പന കൾക്ക് വിധേയമല്ലല്ലോ.

മറ്റൊരു സൂക്തത്തിലൂടെ അല്ലാഹു അറിയിക്കുന്നു.

**وما آتيكم الرّسول فخذوه وما نهيكم عنه فانتهوا واتقوا الله إن الله شديد العقاب**

**- الحشر**

"റസൂൽ നിങ്ങൾക്കു കൊണ്ടുവന്നു തന്നത് നിങ്ങൾ സ്വീകരിക്കുക. അദ്ദേഹം നിങ്ങളോട് വിരോധിച്ചത് വർജ്ജി ക്കുക. അല്ലാഹുവിനെസൂക്ഷിക്കുകയും ചെയ്യുക. നിശ്ചയം അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്." (ഹശ്റ്). ഈ ആയത്തിൽ റസൂൽ കല്പിച്ചതെന്നോമറ്റോ പറയാതെ റസൂൽ കൊണ്ടുവന്നത് എന്ന പ്രയോഗത്തിൽ നിന്ന് റസൂൽ തൻെറ ചര്യയായി പഠിപ്പിച്ച എല്ലാ കാര്യങ്ങളും - വാക്കു പ്രവൃത്തി. അംഗീകാരം- ഇതിൽ ഉൾപ്പെടുന്നു. റസൂൽ കൊണ്ടുവന്നതിനു എതിരായി പ്രവർത്തിക്കുന്നവർ കഠിന ശിക്ഷക്കു വിധേയ മാകുമെന്നുകൂടി ആയത്ത് മനസ്സിലാക്കി തരുന്നു. ബിദ്അത്ത് ഇതിൻെറ പരിധിയിൽപെടുമെന്ന് മനസ്സി ലാക്കാമല്ലൊ.

നബി(സ) തൻെറ എല്ലാ പ്രസംഗത്തിൻെറയും ആമുഖ ത്തിൽ സുന്നത്തിൻെറ പ്രാധാന്യത്തെയും ബിദ്അത്തിൻെറ ഗൗരവത്തെയും കുറിച്ചു സദസ്സിനെ ബോധ്യപ്പെടുത്താറുണ്ടായി രുന്നു. (ഈഹദീസ് മുമ്പുദ്ധരിച്ചിട്ടുണ്ട്). ഇത് ബോധ്യപ്പെടു ത്താതെ അവിടുന്ന് പ്രസംഗം ആരംഭിക്കാറില്ലായിരുന്നു.

പരലോകത്ത് 'ഹൗളിൻെറ' അടുത്തുവെച്ചു തൻെറ ഉമ്മത്തിൽപെട്ടവരെ കാണുമ്പോൾ റസൂൽ(സ) തൻെറ ഉമ്മത്തി നെ തിരിച്ചറിയുന്നു. അവർ അദ്ദേഹത്തെയും. ഉടനെ അവർ ക്കിടയിൽ മറയിടപ്പെടുന്നു. അപ്പോൾ റസൂൽ (സ) പറയുന്നു: അല്ലാഹുവേ, അവർ എൻെറ ഉമ്മത്തിൽപെട്ടവരാണല്ലോ എന്ന്. അപ്പോൾ അല്ലാഹു എന്നോടു പറയുന്നു, താങ്കളുടെ

കാലശേഷം അവർ മതത്തിൽ പുതുതായി നിർമ്മിച്ചതെന്തൊക്കെയാണെന്ന് താങ്കൾക്കറിയില്ല. അപ്പോൾ, മാറി നിൽക്കിൻ, മാറിനിൽക്കിൻ. എൻെറശേഷം മതത്തെ മാറ്റി മറിച്ചവരെ....... എന്നുപറഞ്ഞുകൊണ്ട് ഞാനവരെ അകറ്റുന്നതാണ്" (ബുഖാരി). മതത്തിൽ പുതുനിർമ്മിതി നടത്തിയവരെ പരലോകത്ത്വെച്ചും റസൂൽ(സ) ആട്ടിയകറ്റുന്നു. വിശുദ്ധ ഖുർആൻെറ ഈ പ്രസ്താവം ശ്രദ്ധിക്കുക:

ومن يعص الله ورسوله فان له نار جهنّم خالدًا فيها أبدًا - الجنّ

"ആരെങ്കിലും അല്ലാഹുവിനും അവൻെറ ദൂതനും എതിരുപ്രവൃത്തിച്ചാൽ അവൻഎന്നെന്നും നരകത്തിൽ ശാശ്വത വാസിയായിരിക്കും. (ജിന്ന് - 23)

## ഖുർആനും സുന്നത്തും

ഇസ്‌ലാമിൻെറ അടിസ്ഥാന പ്രമാണം ഖുർആനും സുന്നത്തുമാണ്. മുസൽമാൻ തൻെറ വിശ്വാസങ്ങളും ആചാര കർമ്മങ്ങളുമെല്ലാം സ്വീകരിക്കേണ്ടത് ഖുർആനിൽനിന്നും സുന്നത്തിൽനിന്നുമാണ്. അതുരണ്ടും അവലംബിച്ചു ജീവിക്കുമ്പോൾ മാത്രമാണ് നേർരേഖയിൽ ചരിക്കുന്നത്. എപ്പോൾ അതിൽനിന്ന് വ്യതിചലിച്ചുപോകുന്നുവോ അപ്പോൾ ഇസ്‌ലാമിൽ നിന്നും വ്യതിചലിക്കുന്നു. നബി(സ) പറയുന്നു:

تركت فيكم أمرين لن تضلّوا ما تمسكتم بهما كتاب اللّه وسنّة رسوله - الموطأ

"രണ്ടുകാര്യം ഞാൻ നിങ്ങൾക്കു വിട്ടേച്ചുപോകുന്നു. അവരണ്ടും അവലംബിച്ചു ജീവിക്കുവോളം നിങ്ങൾ വഴിപിഴക്കുകയില്ല. അത് അല്ലാഹുവിൻെറ കിതാബും അവൻെറ റസൂലിൻെറ സുന്നത്തുമാകുന്നു." (മുവത്വഅ്). മുസ്‌ലിംകളുടെ വിശ്വാസാചാരങ്ങൾ രൂപപ്പെടുത്തുന്നതിൽ ഖുർആനിൻെറയും സുന്നത്തിൻെറയും സ്ഥാനം ഇതിൽനിന്നു മനസ്സിലാക്കാമല്ലോ.

എക്കാലത്തും സമുദായത്തിലുണ്ടാകുന്ന ഭിന്നതകളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കാൻ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങിയാൽ സാധിക്കുമെന്നാണ് അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്.

يأيها الذين آمنوا أطيعوا اللّه وأطيعوا الرّسول وأولى الأمر منكم فان تنازعتم فى شئ فردّوه الى اللّه والرسول إن كنتم تؤمنون باللّه واليوم الآخر ذلك خير واحسن تأويلا – النساء

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക റസൂലിനേയും അനുസരിക്കുക. നിങ്ങളിലെ കൈകാര്യകർത്താക്കളെയും. (എന്നാൽ) നിങ്ങൾക്ക് ഒരു കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ അപ്പോൾ അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക, നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് നല്ലതും ഏറ്റവും നല്ല പര്യവസാനമുള്ളതും. (നിസാഅ് - 59). ഇതിൽ അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കാൻ പറഞ്ഞതിൻെറ താല്പര്യം ഖുർആനും സുന്നത്തുമനുസരിക്കുക എന്നതാണെന്ന് വ്യക്തമാണല്ലോ. ഏതെങ്കിലും കാര്യത്തിലുണ്ടാകുന്ന ഭിന്നിപ്പുതീർക്കാൻ ഖുർആനും സുന്നത്തുമാണ് അവലംബിക്കേണ്ടത്എന്നുകൂടി ആയത്ത്പഠിപ്പിക്കുന്നു. ഖുർആനിലും സുന്നത്തിലുമുള്ള കാര്യങ്ങൾമാത്രം വിശ്വാസവും ആചാരവുമായി അംഗീകരിക്കുമ്പോഴാണ് യഥാർത്ഥ മുസ്ലിമായി മാറുന്നത്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ ഖുർആനിനും സുന്നത്തിനും അനുസരിച്ചു മാത്രമാണ് തങ്ങളുടെ മതകാര്യങ്ങൾ ശരിയാക്കേണ്ടത്. അവ രണ്ടിലുമില്ലാത്ത വിശ്വാസമോ ആചാരമോ മുസ്ലിംകൾക്കിടയിലുണ്ടെങ്കിൽ അവയെല്ലാം വർജ്ജിക്കേണ്ടതാണ്. ഖുർആനും സുന്നത്തുമാകുന്ന അളവുകോലുകൾ ഉപയോഗിച്ച് അളന്നുനോക്കിയാൽ മുസ്ലിംകൾക്കിടയിലെ ഒട്ടനവധി വിശ്വാസാചാരങ്ങൾ ഇസ്ലാമിനു പുറത്താണെന്നു കാണാൻ കഴിയും. ചിലതു മാത്രം പരിശോധിക്കാം.

## നബിദിനാഘോഷം

റബീഉൽ അവ്വൽ 12 നു നബി(സ)യുടെ ജന്മദിനം കേരളത്തിലങ്ങുന്നിങ്ങോളം സാഘോഷം കൊണ്ടാടുന്നു. സ്ത്രീ കളും കുട്ടികളും പുരുഷന്മാരുമെല്ലാം ഇതിൽ പങ്കുചേരുന്നു. ഇതിൻെറ പേരിൽ വഅളു പരമ്പരകളും സമ്മേളനങ്ങളും റാലികളും ജാഥകളുമെല്ലാം നടത്തപ്പെടുന്നു. അമുസ്ലിംകളുടെ ചില ആഘോഷങ്ങൾ പോലെത്തന്നെ വീടുകളും വാഹനങ്ങളു മെല്ലാം തോരണങ്ങൾകൊണ്ടും ദീപങ്ങൾകൊണ്ടും അലങ്കരി ക്കുന്നു. ഇങ്ങനെ പ്രവാചകൻെറ ജനനദിനം ഇസ്ലാമിലെ ഒരു പ്രധാനപ്പെട്ട കർമ്മംപോലെ അരങ്ങേറുന്നു. അമുസ്ലിം കളെല്ലാം അങ്ങനെ ധരിക്കുകയും ചെയ്യുന്നു.

ഖുർആനും സുന്നത്തും പഠിപ്പിച്ചു തരാത്ത ഏതാചാ രവും തള്ളിക്കളയേണ്ടതാണെന്ന് നാം മനസ്സിലാക്കിയല്ലോ. ഖുർആനിലും സുന്നത്തിലും ഇതിനൊരു രേഖയുമില്ല. സഹാ ബികളാരും ഇത് നടത്തിയിട്ടില്ല. ഉത്തമതലമുറയെന്ന് റസൂൽ (സ)തന്നെ പരിചയപ്പെടുത്തിയ ആദ്യത്തെ മൂന്നു തലമുറയിലും ഇത് നടന്നതിന് രേഖയില്ല. മൂന്നാം നൂറ്റാണ്ടിനു ശേഷം ഇസ്ലാമിൽ കയറിക്കൂടിയ നൂതനാചാരമാണിത്.

നബി(സ)യോടുള്ള സ്നേഹത്തിൻെറ പേരിലാണ് ഇത് സംഘടിപ്പിക്കപ്പെടുന്നത്. നബി(സ)യോടുള്ള സ്നേഹം പ്രകടി പ്പിക്കേണ്ടത് അദ്ദേഹത്തിൻെറ മാതൃക ജീവിതത്തിൽ പകർത്തി ക്കൊണ്ടാണല്ലോ. നബി(സ)യുടെ മാതൃകയിലെവിടേയുമില്ലാത്ത ജന്മദിനാഘോഷം സംഘടിപ്പിക്കാതിരിക്കുന്നതാണ് യഥാർത്ഥ പ്രവാചകസ്നേഹം. മറിച്ചുചെയ്യുന്നത് പ്രവാചകനെ ധിക്കരി ക്കലാണ്. പില്ക്കാലത്തു ഉണ്ടായ ബിദ്അത്താണ് ഇതെന്ന് ഇബ്നു ഹജർ ഹൈതമി (റ) പറയുന്നത് സുയൂത്വി (റ) ഉദ്ധരിക്കുന്നു.

اصل المولد بدعة لم تنقل عن أحد من السلف الصالح من القرون الثلاثة

الحاوى للفتاوى

"മൗലിദിൻെറ അടിസ്ഥാനം തന്നെ ബിദ്അത്താണ്. ഇത് മൂന്നാം നൂറ്റാണ്ടുവരെയുള്ള നല്ലവരായ സലഫുകളിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ല." (അൽഹാവി 1-259)

ഹിജ്റ നാലാം നൂറ്റാണ്ടു മുതൽ നിലവിൽവന്ന ഒരു നൂതനാചാരമാണ് ഇതെന്ന് മൗലിദാഘോഷിക്കുന്നവർ തന്നെ പറയുന്നു:"നബി(സ)യുടെ ഉപദേശനിർദ്ദേശങ്ങൾ ജീവിതത്തിൽ അക്ഷരംപ്രതി പകർത്തിയ ആദ്യനൂറ്റാണ്ടുകാരുടെ കാലത്ത് ഇങ്ങനെയൊരു ജന്മദിനംകൊണ്ടാടേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവർ ഈദൃശകാര്യങ്ങളിൽ സദാ ബോധവാന്മാരും ശ്രദ്ധാലുക്കളുമായിരുന്നു. പില്ക്കാലത്ത് ജനങ്ങൾ ഇസ്ലാമിക രിതിയിൽ നിന്നകലുകയും ദീനീചിട്ടകളിൽ അശ്രദ്ധരാവുകയും ചെയ്തപ്പോൾ അവർക്ക് ഉദ്ബോധനം ആവശ്യമായി വന്നു. ഹിജ്റ നാലാം നൂറ്റാണ്ടുമുതൽ മുസ്ലിം ലോകത്ത് ഈ സമ്പ്രദായം നടപ്പിലാവുകയും പ്രമുഖ പണ്ഡിതന്മാർ അതിന് അംഗികാരം നല്കുകയും തദ്വിഷയകമായി നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്" (സുന്നി വോയ്സ് 1981 ഡിസ. 8)

ഇതിനു ഖുർആനിൻെറയും സുന്നത്തിൻെറയും പിൻബലമില്ലെന്ന് ഇമാം ഫാക്കിഹാനി പറയുന്നു:

لا أعلم لهذا المولد أصلا فى كتاب ولا سنة ولا ينقل عمله عن أحد من علماء الامة الذين هم قدوة الدين المتمسكون بآثار المتقدمين بل هو بدعة أحدثها البطالون وشهوة نفسى اعتنى بها الأكالون - الحاوى للفتاوى

"ഈ മൗലിദിനു ഖുർആനിലും സുന്നത്തിലും യാതൊരു രേഖയുമില്ല. മതത്തിൽ മാതൃകയാക്കാവുന്നവരും പൂർവ്വീകരുടെ മാർഗ്ഗമവലംബിക്കുകയും ചെയ്യുന്ന ഒരു പണ്ഡിതനിൽ നിന്നും ഇത് ഉദ്ധരിക്കുന്നുമില്ല. മറിച്ച് ഇത് അലസൻമാർ നിർമ്മിച്ച ബിദ്അത്താണ്. ഭോജനാസക്തർ പരിഗണിച്ചു വരുന്ന ഒരുദേഹേച്ഛയുമാണ" (അൽഹാവി 1-189)

ഒരു പ്രമാണത്തിൻെറയും പിൻബലമില്ലാത്ത ഈ അനാചാരത്തെ സ്വാർത്ഥികളായ ചില പുരോഹിതന്മാർ ഈ കാലത്ത് ന്യായീകരിക്കാൻ ശ്രമിക്കുന്നതു കാണാം. മൗലിദ് എന്നാൽ മദ്ഹ് ആണെന്നും നബി(സ)യെ മദ്ഹ് ചെയ്യുന്നത് നല്ലതല്ലേയെന്നുമൊക്കെയാണ് ചോദ്യം. മദ്ഹിന് ആരും എതിരല്ല. പക്ഷെ, റസൂൽ(സ)യെ മദ്ഹ് ചെയ്യുന്നത് റബീഉൽ അവ്വൽ പന്ത്രണ്ടിനു മാത്രം മതിയോ? അതെല്ലായ്പ്പോഴും ചെയ്യേണ്ടതും ആകാവുന്നതുമാണല്ലോ. അപ്പോൾ പിന്നെ ഒരു പ്രത്യേക ദിവസം മാത്രം അതിനുവേണ്ടി തെരഞ്ഞെടുക്കുന്നതിൻെറ അർത്ഥം അതൊരു പ്രത്യേക ചടങ്ങാണ് എന്നാണല്ലോ. അങ്ങനെ ഒരു ചടങ്ങ് റസൂൽ(സ) പഠിപ്പിച്ചിട്ടുണ്ടോ?

മദ്ഹ് എന്നപേരിൽ പാരായണം ചെയ്യുന്ന 'മൻഖൂസ് മൗലിദിൽ' തനി ശിർക്ക് തന്നെയുണ്ട്.
ഉദാഹരണം:

ارتكبت على الخطأ غير حصر وعدد

لك أشكو فيه يا سيّدى خير النبى

"എണ്ണിയാലൊടുങ്ങാത്ത തെറ്റുകൾ ഞാൻ ചെയ്തുപോയി. നബിമാരിൽ ശ്രേഷ്ഠരായവരേ, അങ്ങയോടുമാത്രം ഞാൻ അതിനു ആവലാതി ബോധിപ്പിക്കുന്നു. (മൻഖൂസ്).

ഈ വരികളിൽ, ചെയ്ത്പോയ പാപങ്ങൾ പൊറുക്കാൻ നബി(സ)യോടാണ് പരാതിപറയുന്നത്. നബി(സ)യോട് പാപങ്ങൾ പൊറുക്കാൻവേണ്ടി പ്രാർത്ഥിക്കുന്നത് അല്ലാഹു വിൻെറ അവകാശത്തിൽ പങ്കുചേർക്കലാണ്. ഖുർആൻ പറയുന്നു: "അല്ലാഹുവല്ലാതെ നിങ്ങൾക്കാരാണ് പാപങ്ങൾ പൊറുത്തു തരാൻ?" (3/135) ഇതിനെല്ലാംപുറമെ ഇങ്ങനെ ഒരു മൗലിദ് പാരായണം നബി (സ)യോ സഹാബികളോ നടത്തിയിട്ടില്ലല്ലോ. നടത്തിയിരുന്നെങ്കിൽ ആ മൗലിദ് കിതാബ് ഏതായിരുന്നു?

മൗലിദിനു തെളിവുണ്ടാക്കാൻ മെനക്കെടുന്ന പുരോഹിതന്മാരോടു ചില കാര്യങ്ങൾ ചോദിക്കട്ടെ:

1. നിങ്ങളുദ്ധരിക്കുന്ന തെളിവുകളൊക്കെ മൗലിദിനുള്ള തെളിവായിരുന്നുവെങ്കിൽ, എന്തുകൊണ്ട് ആ തെളിവുകളെക്കുറിച്ചു കൂടുതലറിയുന്ന നബി(സ)യും സഹാബത്തും അതിൻെറ അടിസ്ഥാനത്തിൽ മൗലീദ്കഴിച്ചില്ല? അപ്പോൾ പിന്നെ, നിങ്ങൾ കൊണ്ടുവരുന്ന തെളിവുകൾ ദുർവ്യാഖ്യാനങ്ങളാണെന്ന് വ്യക്തമാണല്ലോ.

2. മുഹമ്മദ് നബി(സ) മുൻകഴിഞ്ഞ ഏതെങ്കിലും നബിമാരുടെയോ തൻേറതുതന്നെയോ ഭാര്യമാരുടേയോ മക്കളുടേയോ ഖുലഫാഉ റാശിദുകളുടേയോ ജന്മദിനം ആഘോഷിച്ചതിനു വല്ലരേഖയുമുണ്ടോ?

3. മദ്ഹബിൻെറ ഇമാമുകൾ ആരെങ്കിലും ഇത് ആഘോഷിച്ചിട്ടുണ്ടോ?

4. നബി (സ) ഖദീജ(റ)വിൻെറ ബന്ധുക്കൾക്ക് ആടിനെ അറുത്തുകൊടുത്തു ഖദീജ(റ)യുടെ മൗലിദു കഴിച്ചുവെന്നു പുരോഹിതന്മാർ പറയാറുണ്ട്. ഇത് തെളിവാണെങ്കിൽ, അതിൻെറ അടിസ്ഥാനത്തിൽ, ഖദീജ (റ)യുടെ മൗലിദല്ലെ നിങ്ങൾ കഴിക്കേണ്ടത്? എന്ത് കൊണ്ട് ഒരു ഖദീജാ മൗലിദ് കഴിക്കുന്നില്ല?

5. നബി(സ)യുടെ മൗലിദു കഴിക്കാത്ത സഹാബാക്കളും മദ്ഹബിൻെറ ഇമാമുകളും സ്വർഗ്ഗത്തിൽ പോകുമെങ്കിൽ നമുക്കും അതുതന്നെ പോരെ?

## ബറാത്ത് രാവ്

ശഅബാൻ 15നു ബറാത്ത്‌രാവ് എന്നപേരിൽ നടക്കുന്ന സമ്പ്രദായത്തിന് ഒരൊറ്റ സ്വഹീഹായ ഹദീസും രേഖയില്ല. ഖുർആനിൽ ഇതിനെക്കുറിച്ചു പരാമർശമേയില്ല. ചില ദുർബ്ബലമായ റിപ്പോർട്ടുകളാണ് ഇതിനു അവലംബം. അബൂശാമ(റ) പറയുന്നു:

ولم يصح فيها شيئ من رسول الله ولا نطق بالصلوة فيها – الباعث

"ഈ വിഷയത്തിൽ ഒരൊറ്റ ഹദീസും സ്വഹീഹായി വന്നിട്ടില്ല. നമസ്ക്കരിക്കാൻ ഇതിൽ നിർദ്ദേശവുമില്ല." (അൽബാഇസ്-23)

ഒരു മനുഷ്യൻെറ ഒരു വർഷത്തേക്കുള്ള ഭക്ഷണവും മറ്റു ജീവിതസൗകര്യങ്ങളും ആയുഷ്ക്കാലവുമെല്ലാം കണക്കാക്കുന്നത് ഈ ദിവസത്തിലാണ്പോലും. ഇതിന് ലൈലത്തുൽ ഖദ്റിൻെറ പുണ്യമുണ്ടെന്ന വിശ്വാസവുമുണ്ട്. ഈ ദിവസം ചില പ്രത്യേകതരം നമസ്കാരത്തെക്കുറിച്ചും പരാമർശിക്കപ്പെടുന്നുണ്ട്. ഇതിനൊന്നും യാതൊരടിസ്ഥാനവുമില്ലെന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധ ഖുർആൻ സൂറത്തുദ്ദുഖാനിലെ 2-ാമത്തെ ആയത്തിൽ പരാമർശിക്കുന്ന 'അനുഗ്രഹീതരാവ്' ബറാഅത്ത് രാവാണെന്ന് ചിലർ പ്രചരിപ്പിക്കാറുണ്ട്. എന്നാൽ അത് 'ലൈലത്തുൽ ഖദ്റി' ൻെറ രാവാണെന്ന് ഖുർആൻ തന്നെ വ്യക്തമാക്കിയതാണ്. (വിശുദ്ധ ഖുർആൻ 97-1, 2-184 നോക്കുക). പ്രമുഖ ഖുർആൻ വ്യാഖ്യാതാവ് ഇബ്നുകസീർ പറയുന്നത് നോക്കൂ:

ومن قال انها ليلة النصف من شعبان.... فقد أبعد النجعة فان نصّ القرآن انها فى رمضان – ابن كثير

"ആരെങ്കിലും (അനുഗ്രഹീതരാവ്) ശഅ്ബാൻ 15 നാണെന്ന് പറഞ്ഞാൽ അവൻ സത്യത്തിൽ നിന്നു അതിവിദൂരമാണ്. കാരണം, ഖുർആൻെറ ഖണ്ഡിത പ്രസ്താവം (നസ്സ്) അത് റമളാനിലാണെന്നാണ്." (ഇബ്നുകസീർ 4-137)

# മരണാനന്തര കർമ്മങ്ങളിൽ

ഒട്ടനവധി അനാചാരങ്ങൾ നടക്കുന്ന സന്ദർഭമാണ് മരണാനന്തര കർമ്മങ്ങൾ. തികച്ചു ആദ്രമായ അന്തരീക്ഷത്തിൽ യാതൊരു പരിശോധനയും കൂടാതെ ഏത് നാട്ടാചാരങ്ങളും നടത്തപ്പെടുന്നു. പ്രധാനപ്പെട്ട ചിലത് ഇവിടെ കുറിക്കാം.

## 1. ഖുർആൻ പാരായണം

രോഗികൾക്കുവേണ്ടിയും മരണമടഞ്ഞവർക്കുവേണ്ടിയും ഖുർആൻ പാരായണം ചെയ്യുന്ന സമ്പ്രദായം ചില സ്ഥലങ്ങളിലെല്ലാമുണ്ട്. ഖുർആനിൻേറയും സുന്നത്തിൻേറയും പിൻബലമിതിനില്ല.'മരണാസന്നരായവർക്കുവേണ്ടി യാസീൻ പാരായണം ചെയ്യുക' എന്ന ഒരു റിപ്പോർട്ടാണ് ഇതിനു അവലംബിക്കാറുള്ളത്. പക്ഷെ,ഇത് വളരെ ദുർബ്ബലമായ റിപ്പോർട്ടാണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. ഇമാം നവവി(റ) പറയുന്നു:

قلت اسناده ضعيف فيه مجهولان – الاذكار

"ഞാൻ പറയുന്നു, ഈ ഹദീസിൻെറ പരമ്പര ദുർബ്ബലമാണ്. രണ്ട് അജ്ഞാതർ ഇതിൻെറ നിവേദക പരമ്പരയിലുണ്ട്." (അൽ അദ്കാർ - 122)

ഇതുപോലെ മയ്യിത്തിനു ചുറ്റുമിരുന്നും ഖബറിനു പുറത്തിരുന്നും ഖുർആൻ പാരായണം ചെയ്തു അതിൻെറ കൂലി ദാനം(ഹദ്‌യ) ചെയ്യുന്ന സമ്പ്രദായവുമുണ്ട്. ഇതിനും യാതൊരു അടിസ്ഥാനവുമില്ല. ഇതിൻെറ കൂലി മരിച്ചവർക്കു ലഭിക്കുകയില്ലെന്ന് ഇമാം നവവി(റ) അദ്ദേഹത്തിൻെറ 'ശറഹു മുസ്‌ലിം' (1/98)ൽ പറയുന്നുണ്ട്. സൂറത്തുന്നജ്മ് 39-ാം ആയത്തിൻെറ വ്യാഖ്യാനത്തിൽ ഇബ്നു കസീർ പറയുന്നതു നോക്കു:

ومن هذه الاية الكريمة استنبط الشافعى (ر) ومن اتبعه ان القراءة لا يصل اهداء ثوابها الى الموتى لأنه ليس من عملهم ولا كسبهم – ابن كثير

"ഈ ആയത്തിൻെറ അടിസ്ഥാനത്തിലാണ് ഇമാം ശാഫി (റ)യും അദ്ദേഹത്തിൻെറ ശിഷ്യന്മാരും മരിച്ചവർക്കു വേണ്ടി ഖുർആൻ പാരായണംചെയ്തു കൂലിദാനം ചെയ്താൽ അവർക്കു ലഭിക്കുകയില്ലെന്ന നിഗമനത്തിലെത്തിയത്. കാരണം, അതവരുടെ പ്രവർത്തനമോ സമ്പാദ്യമോ അല്ലല്ലോ. (ഇബ്ന് കസീർ 4-658)

## 2. ജനാസയുടെ കൂടെ

ജനാസയെ അനുഗമിക്കുമ്പോൾ മൗനമവലംബിക്കുന്നതാണ് നബിചര്യ. ഏതെങ്കിലും തരത്തിലുള്ള ദിക്റുകളോ സ്വലാത്തോ നബിയുംസ്വഹാബത്തും നടത്തിയതായി രേഖയില്ല. നബി(സ) പറയുന്നു.

لا تتبع الجنازة بصوت ولا نار – أبوداود

"ജനാസയുടെകൂടെ ശബ്ദവും തീയും കൊണ്ട് പിന്തുടരരുത്." (അബൂദാവൂദ്). വേറെയും റിപ്പോർട്ടുകൾ ഈ വിഷയത്തിൽ വന്നിട്ടുണ്ട്. എന്നാൽ, ജനാസയുടെ കൂടെ ലാഇലാഹഇല്ലല്ലാഹ് എന്നു ഉച്ചത്തിൽ നീട്ടിച്ചൊല്ലുന്ന ഒരനാചാരം നിലനില്ക്കുന്നു. ഇമാം നവവി(റ) പറയുന്നത് നോക്കൂ.

واعلم ان الصواب والمختار وما كان عليه السلف (ر) السكوت فى حال السير مع الجنازة فلا يرفع صوت بقراءة ولا ذكر ولا غير ذلك ... ولا تغتر بكثرة من يخالفه – الأذكار

"അറിയുക, ശരിയും പ്രബലവും പൂർവികർ അനുവർത്തിച്ചിരുന്നതും മയ്യിത്തിൻെറ കൂടെ പോകുമ്പോൾ മൗനമവലംബിക്കുക എന്നതാണ്. ഖുർആൻ പാരായണം കൊണ്ടോ ദിക്റു കോണ്ടോ മറ്റോ ശബ്ദമുയർത്താൻ പാടില്ല....... ഇതിനെതിരിൽ പ്രവർത്തിക്കുന്നവരുടെ ആധിക്യം നിന്നെ വഞ്ചിക്കാതിരിക്കട്ടെ." (അൽഅദ്കാർ - 136)

## 3. തൽഖീൻ

മയ്യിത്ത് മറമാടി കഴിഞ്ഞാൽ പരേതാത്മാവിനു വേണ്ടി തസ്ബീത്ത് ചോദിക്കാനും പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കാനും നബി(സ) പഠിപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിർണ്ണിത പ്രാർത്ഥനാരൂപങ്ങളൊന്നും ഹദീസിൽ വന്നിട്ടില്ല. ഈ ആവശ്യ നിർവ്വഹണത്തിനുതകുന്ന പ്രാർത്ഥനകൾ സൗകര്യം പോലെ നടത്താവുന്നതാണ്.

എന്നാൽ ഇതിനുപകരം നമ്മുടെ സമുദായത്തിൽ നടക്കുന്നതാണ് 'തൽഖീൻ'. മയ്യിത്തിനു ചൊല്ലിക്കൊടുക്കുകയും പഠിപ്പിക്കുകയുംചെയ്യുന്ന ആഭാസകരമായ ഏതാനും അറബി വചനങ്ങളാണിത്. ഇതിന് ശരിയായ രേഖകളൊന്നുമില്ല. മിശ്കാത്തിൻെറ വ്യാഖ്യാനമായ 'മിർഖാത്തി'ൽ പറയുന്നതു നോക്കൂ:

ان التلقين المتعارف غير معروف فى السلف بل هو أمر حادث

"ഇന്ന് ജനങ്ങൾക്കിടയിൽ അറിയപ്പെടുന്ന തൽഖീൻ സലഫുകൾക്ക് (പൂർവ്വീകർക്ക്) അറിയാത്തതാണ്. ഇതൊരു പുതിയ ആചാരമാണ് " (2/329)

## 4. കണ്ണൂക്കും അടിയന്തിരവും

മരിച്ച വ്യക്തിയുടെ വീട്ടിൽ 3 നും 7 നും 40 നും വർഷം തികയുമ്പോഴും നടത്തുന്ന സദ്യയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇതിലേക്ക് നാട്ടുപ്രമാണിമാരേയും പള്ളിയിലെ മുസ്ല്യാക്കന്മാരേയും ക്ഷണിക്കുകയും അവർ വന്നു വയറു നിറയെ ഭക്ഷണം കഴിച്ചു തിരിച്ചുപോകുകയും ചെയ്യുന്നു. ഇത് റസൂൽ(സ) പഠിപ്പിച്ച സമ്പ്രദായത്തിനു പാടെ വിരുദ്ധമാണ്.

മരിച്ച വീട്ടുകാർക്കു വേണ്ടി ഭക്ഷണം തയ്യാറാക്കി അവരെ ഊട്ടണം എന്നാണ് നബി(സ)പഠിപ്പിച്ചത്. ജഅ്ഫർ(റ)

യുദ്ധത്തിൽ വധിക്കപ്പെട്ട വിവരം നബി(സ)ക്കു കിട്ടിയപ്പോൾ അദ്ദേഹം സ്വഹാബത്തിനൊടു പറഞ്ഞത്:

اصنعو لآل جعفر طعاما فقد اتاهم ما يشغلهم – أبو داود، ترمذى

"ജഅ്ഫറിൻെറ വീട്ടുകാർക്ക് നിങ്ങൾ ഭക്ഷണം പാകം ചെയ്തു കൊടുക്കുക. കാരണം, അതിൽ നിന്നെല്ലാം ശ്രദ്ധ തിരിച്ചുകളയുന്ന വാർത്തയാണ് അവർക്ക് വന്നെത്തിയിരിക്കുന്നത്" (അബൂദാവൂദ്). ഇത് എത്ര മാന്യവും ഉപകാര പ്രദവുമായ സമ്പ്രദായമാണ്.

കണ്ണൂക്ക്, അടിയന്തിരം. നാല്പത്, ആണ്ട് എന്നീ പേരുകളിലൊക്കെ ഒരുക്കുന്ന ഭക്ഷണം ശാപ്പിടുന്ന മാന്യന്മാരുടെകാര്യം വളരെ ദയനീയംതന്നെ. ദുഃഖം തളംകെട്ടി നില്ക്കുന്ന അന്തരീക്ഷത്തിൽ ആവീട്ടുകാർ പാകംചെയ്യുന്ന ഭക്ഷണം യാതൊരു ലജ്ജയും കൂടാതെ കഴിച്ചു പോരാൻ അപാര തൊലിക്കട്ടിതന്നെവേണം. ശാഫിഈ മദ്ഹബ് കാരാണെന്നു പറയുന്നവർ തുഹ്ഫഃയിൽ പറയുന്നതൊന്നു ശ്രദ്ധിച്ചെങ്കിൽ.

وما اعتيد من جعل أهل الميّت طعاما ليدعوا الناس عليه بدعة مكروهة كاجابتهم لذلك لما صحّ عن جرير كنا نعد الاجتماع الى أهل الميّت وصنعهم الطعام بعد دفنه من النياحة – تحفة

"മരിച്ച വീട്ടിൽ ഭക്ഷണം പാകം ചെയ്ത് ജനങ്ങളെ അതിലേക്കു ക്ഷണിക്കുന്നത് വെറുക്കപ്പെട്ട ബിദ്അത്താണ്. അതിൻെറ ക്ഷണം സ്വീകരിക്കുന്നതും അതു പോലെത്തന്നെ. ജരീർ(റ)വിൽ നിന്നു റിപ്പോർട്ട് ചെയ്യുന്നു, സ്വഹാബിമാരായ ഞങ്ങൾമരിച്ചവീട്ടിൽ ഒരുമിച്ചുകൂടുന്നതും മറവു ചെയ്തതിനു ശേഷം ഭക്ഷണംപാകംചെയ്യുന്നതും ജഹിലിയ്യാകാലത്തെ സമ്പ്രദായമായിട്ടായിരുന്നു കണക്കാക്കിയിരുന്നത്. (തുഹ്ഫ 3/207)

# ശിർക്കുപരമായ ബിദ്അത്തുകൾ

ഇതുവരെ നാം വിശദീകരിച്ചത് ആചാരരംഗത്തും അനുഷ്ഠാനരംഗത്തും പ്രത്യക്ഷപ്പെടുന്ന ഏതാനും അനാചാരങ്ങളെക്കുറിച്ചാണ്. എന്നാൽ, ഇതിനേക്കാൾ ഗൗരവമുള്ളതും ഇസ്‌ലാമിക വിശ്വാസത്തിൻെറ അടിത്തറതന്നെ തകർത്തു കളയുന്നതുമായ ചിലതും നമ്മുടെ സമുദായം ഇസ്‌ലാമാണെന്ന പേരിൽ വെച്ചുപുലർത്തുന്നുണ്ട്. മുസ്‌ലിമിൻെറ അടിസ്ഥാന സാക്ഷ്യവാക്യമായ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന പ്രഖ്യാപനത്തിനു കടകവിരുദ്ധമായ വിശ്വാസങ്ങൾ പലതും മുസ്‌ലിം മനസ്സുകളിൽ കുടിയേറിയിരിക്കുന്നു. ഇവയുടെ ഉന്മൂലനം കൊണ്ടല്ലാതെ ഒരാൾക്കും ശരിയായ വിശ്വാസിയാകാൻ സാധിക്കുകയില്ല. മേൽപറഞ്ഞ 'ബിദ്അത്തു'കളിൽനിന്നുള്ള വിമുക്തി പോലും ഇത്തരം വിശ്വാസരംഗത്തുള്ള വീഴ്ചകളിൽ നിന്ന് കരകയറിയശേഷമേ ഫലപ്രദമാവുകയുള്ളുവെന്നാണ് വിശുദ്ധ ഖുർആനും തിരുസുന്നത്തും നമ്മെ പഠിപ്പിക്കുന്നത്. അത്തരം ചില കാര്യങ്ങളിലേക്ക് വിരൽചൂണ്ടുകയാണിവിടെ ചെയ്യുന്നത്.

## 1. പ്രാർത്ഥന

മതവിശ്വാസികളെല്ലാം പ്രാർത്ഥിക്കുന്നവരാണ്. ഓരോ വിഭാഗവും അവർ വിശ്വസിക്കുന്ന ദൈവങ്ങളോടും പുണ്യപുരുഷന്മാരോടും എല്ലാം തങ്ങളുടെ കാര്യങ്ങൾ നേടിയെടുക്കാൻവേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ ഇസ്‌ലാം മനുഷ്യനെ പഠിപ്പിക്കുന്നത് തൻെറ സ്രഷ്ടാവായ നാഥനോടു മാത്രമേ പ്രാർത്ഥനകൾ അർപ്പിക്കാവൂ എന്നാണ്. തന്നെ സൃഷ്ടിക്കുകയുംസംരക്ഷിക്കുകയും പിന്നീട് മരിപ്പിക്കുകയും പുനർജ്ജനിപ്പിക്കുകയുമെല്ലാം ചെയ്യുന്നവനായ അല്ലാഹു മാത്രമാണ് യഥാർത്ഥത്തിൽ തൻെറ പ്രാർത്ഥനക്കും അർഹതയുള്ളവൻ.

പ്രപഞ്ചമാസകലം സൃഷ്ടിക്കുകയും സംവിധാനിക്കുകയും അതിനിസ്സാരമായ ആറ്റത്തിൻെറ അന്തരാളങ്ങളിൽ പോലും കണിശമായ വ്യവസ്ഥ നിർണ്ണയിച്ച് ചലിപ്പിക്കുകയും

ചെയ്യുന്ന സ്രഷ്ടാവ്തന്നെയാണ് മനുഷ്യൻെറയും കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. തൻെറ ഇഹപര സൗഭാഗ്യത്തി നാവശ്യമായമാർഗം നിർദ്ദേശിച്ചുതരാനും തൻെറ മനസ്സിൻെറ ആഴങ്ങളിൽ പതുങ്ങിയിരിക്കുന്ന വികാര വിചാരങ്ങളറിയാനും പരിഹാരം നിർദ്ദേശിച്ചുതരാനും കഴിവുള്ളവനും അവൻ മാത്ര മാണ്. മനസ്സുനോക്കി തിർപ്പുകല്പിക്കാനും അവനു മാത്ര മാണ് കഴിയുന്നത്. അല്ലാഹു പറയുന്നു

لله ما فى السموات وما فى الارض إن تبدوا ما فى أنفسكم أو تخفوه يحاسبكم به الله فيغفر لمن يشاء ويعذب من يشاء والله على كلّ شيئ قدير - البقرة

"ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിൻെറതാകുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് നിങ്ങൾ വെളിപ്പെടുത്തിയാലും മറച്ചുവെച്ചാലും അല്ലാഹു അതിൻെറ പേരിൽ നിങ്ങളോടു കണക്കുചോദിക്കുക തന്നെചെയ്യും. എന്നിട്ടവൻ ഉദ്ദേശിക്കുന്ന വർക്ക് അവൻ പൊറുത്തു കൊടുക്കുകയും അവൻ ഉദ്ദേശി ക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു." (അൽബഖറ 284 )

മനസ്സറിയാനും പ്രതികരിക്കാനും കഴിവുള്ള സ്രഷ്ടാ വിനു മാത്രമേ നമ്മുടെ പ്രാർത്ഥന കേൾക്കാനും ഉത്തരം ചെയ്യാനുംകഴിയുകയുള്ളു. അതുകൊണ്ട്തന്നെ പ്രാർത്ഥനയും അവനോടു നടത്തിയാലേ ഫലപ്പെടുകയുള്ളു.
അല്ലാഹു പറയുന്നു:

وقال ربكم أدعونى أستجب لكم إن الذين يستكبرون عن عبادتى سيدخلون جهنّم داخرين

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോടു പ്രാർത്ഥിക്കൂ, ഞാൻ നിങ്ങൾക്കുത്തരം നല്കാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയേ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്, തീർച്ച." (മുഅ്മിൻ 60)

അല്ലാഹു മനുഷ്യൻെറ സമീപസ്ഥനും പ്രാർത്ഥന കേൾക്കുകയും ഉത്തരം നല്കുകയും ചെയ്യുന്നവനാണെന്നും അല്ലാഹു ഉണർത്തുന്നു.

وإذا سألكَ عبادى عنّى فإنى قريبٌ أُجيب دعوة الدّاع إذا دعان فليستجيبوا لى وليؤمنوا بى لعلهم يرشدون — البقرة

"നിന്നോടു എൻെറ ദാസന്മാർ എന്നെപറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നല്കുന്നതാണ്. അതുകൊണ്ട് എൻെറ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴിപ്രാപിക്കുവാൻ വേണ്ടിയാണിത് " (അൽബഖറ 186) . വീണ്ടും പറയുന്നു.

فاستغفروه ثم توبوا اليه إنّ ربى قريب مجيب — هود

"അതിനാൽ നിങ്ങൾ അവനോടു പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യുക. തീർച്ചയായും എൻെറ രക്ഷിതാവ് അടുത്തുതന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നല്കുന്നവനുമാകുന്നു." (ഹൂദ് 61)

എന്നാൽ മുസ്ലിം സമുദായത്തിലെ നല്ലൊരുവിഭാഗമാളുകൾ അവരുടെ പ്രാർത്ഥനകൾ അല്ലാഹുവല്ലാത്ത പലരിലേക്കും തിരിച്ചുവിടുന്നവരാണ്. പ്രാദേശികമായ വ്യത്യാസത്തിനനുസരിച്ചു പലപേരുകളിലും ഈ ആളുകൾ അറിയപ്പെടുന്നു. ശൈഖ്, വലിയ്യ്, തങ്ങൾ, ഖോജ, ആണ്ടവർ, ഖുതുബ് തുടങ്ങി അല്ലാഹു യാതൊരു തെളിവുമവതരിപ്പിച്ചിട്ടില്ലാത്ത ഇത്തരം വ്യക്തികളിലേക്കും നാഗൂർ. അജ്മീർ. പെരുമ്പടപ്പ്, ബീമാപള്ളി തുടങ്ങിയ കേന്ദ്രങ്ങളിലേക്കും ബദ്രീങ്ങൾ, ഉഹ്ദീങ്ങൾ തുടങ്ങിയ സ്വഹാബികളിലേക്കും എല്ലാം പ്രാർത്ഥനകൾ നിർലോഭം നടത്തുന്നു. ഇവരൊക്കെ പ്രാർത്ഥന കേൾക്കു

മെന്നും ഉത്തരം ചെയ്യുമെന്നും ഇവർ അന്ധമായി വിശ്വസിക്കുന്നു. ചില പണ്ഡിതപരിഷകൾ അങ്ങനെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു.

മരിച്ചു മണ്ണടിഞ്ഞ വ്യക്തികളുടെ നേരെ നടത്തുന്ന ഇത്തരം പ്രാർത്ഥനകൾ വൃഥാവേലയാണ്, എന്നല്ല കടുത്ത ദൈവധിക്കാരവുമാണ്. കാരണം, അല്ലാഹുവിനു മാത്രം അവകാശപ്പെട്ട പ്രാർത്ഥനയെന്ന ഇബാദത്ത് അവൻെറ സൃഷ്ടികളുടെ മുമ്പിൽ അർപ്പിക്കുകയാണ് ഇവർ ചെയ്യുന്നത്. ഇതു വഴി ഇവർ അംഗീകരിക്കുന്നുവെന്ന് പറയുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ്' പൊളിഞ്ഞു പോകുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹ് മനുഷ്യൻെറ മുമ്പിൽ സമർപ്പിക്കുന്ന സന്ദേശം 'അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല' എന്നാണ്. ഇവിടെ, പ്രാർത്ഥനയെന്ന ഇബാദത്ത് (ആരാധന) മരിച്ചുപോയ സൃഷ്ടികളുടെ മുമ്പിൽ സമർപ്പിച്ചു ലാഇലാഹ ഇല്ലല്ലാഹുവിൽ നിന്ന് ഇവർ സ്വയം ഭ്രഷ്ടരാവുകയാണ് ചെയ്യുന്നത്. ഇത്തരം പ്രാർത്ഥനകളെ ഖുർആൻ കടുത്ത ശിർക്ക് (ബഹുദൈവാരാധന) ആയിട്ടാണ് പരിചയപ്പെടുത്തുന്നത്.

മരിച്ചുപോയ മഹാത്മാക്കളെ സംബന്ധിച്ചു വെച്ചു പുലർത്തുന്ന അന്ധവിശ്വാസങ്ങളാണ് ഇവിടെ ഈ വിശ്വാസത്തിന് സഹായിയായിവർത്തിക്കുന്നത്. അവരെക്കുറിച്ചു പറഞ്ഞു പ്രചരിപ്പിക്കുന്ന അത്ഭുതസിദ്ധികളും കറാമത്തുകളും അവർ പ്രാർത്ഥന കേൾക്കാൻ കഴിവുള്ളവരാണെന്ന മൂഢധാരണയിൽ ഈ ആളുകളെ കൊണ്ടെത്തിക്കുന്നു. പിശാച് ഈ രംഗത്ത് സജീവമായി സ്വാധീനം ചെലുത്തുകയും ചെയ്യുന്നു

ഇത്തരം മഹാത്മാക്കളോടുള്ള പ്രാർത്ഥനകളും സഹായാർത്ഥനകളും അവർ കേൾക്കുകയില്ലെന്നും ഉത്തരം ചെയ്യുകയില്ലെന്നും അത് തനി ശിർക്ക് തന്നെയാണെന്നും ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. ചില ആയത്തുകൾ ശ്രദ്ധിക്കുക:

ومن أضلّ ممّن يدعو من دون الله من لا يستجيب له الى يوم القيمة وهم عن دعائهم غافلون وإذا حشر النّاس كانوا لهم أعداءً وكانوا بعبادتهم كافرين

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേല്പിൻെറ നാളുവരെയും തനിക്കുത്തരം നല്കാത്തവരെ വിളിച്ചുപ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവനാരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചു കൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും" (അൽ അഹ്ഖാഫ് 5,6)

ഈ ആയത്തിൽ നിന്ന് സിദ്ധിക്കുന്ന ചില കാര്യങ്ങൾ:

1. ഏറ്റവും വലിയ പിഴവ് അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയാണ്.

2. പ്രാർത്ഥിക്കപ്പെടുന്ന മഹാന്മാർ പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനക്ക് ഉത്തരം നല്കുകയില്ല.

3. ഭക്തന്മാർ നടത്തുന്ന ഈ പ്രാർത്ഥനയെക്കുറിച്ച് ഈ മഹാന്മാർ അറിയുന്നു പോലുമില്ല. എന്നിട്ടല്ലേ ഉത്തരം ചെയ്യുന്നത്?

4. പരലോകത്ത് എല്ലാവരെയും ഒരുമിച്ചു കൂട്ടുമ്പോൾ ഇവർക്കുവേണ്ടി ഈസാ നബിയോ മുഹ്യുദ്ദീൻ ശൈഖോ ശുപാർശ നടത്തുകയില്ല. എന്നല്ല, ഇവരുടെ ശത്രുക്കളായി മാറുകയും ചെയ്യും.

5. മുരീദുകളുടെ പ്രാർത്ഥനയെ ശൈഖന്മാർ തള്ളിപ്പറയുകയും ചെയ്യും.

6. ഇവിടെ, മഹാത്മാക്കളോടു നടത്തിയ പ്രാർത്ഥനയെ ഖുർആൻ ഇബാദത്ത് എന്ന് വിശേഷിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ذلكم الله ربكم له الملك والذين تدعون من دونه ما يملكون من قطمير إن تدعوهم لا يسمعوا دعائكم ولو سمعوا ماستجابو لكم ويوم القيمة يكفرون بشرككم ولا ينبئك مثل خبير – الفاطر

"അവനത്രെ നിങ്ങളുടെ രക്ഷിതാവായ അല്ലാഹു അവനാകുന്നു ആധിപത്യം, അവനുപുറമെ ആരോടു നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുകയില്ല. നിങ്ങളവരോടു പ്രാർത്ഥിക്കുന്നപക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നല്കുന്നതല്ല. ഉയിർത്തെഴുന്നേല്പിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരംതരാൻ ആരുമില്ല.(അൽഫാത്വിർ 13,14)

ഈ ആയത്തിൽ നിന്ന് സിദ്ധിക്കുന്ന ചില കാര്യങ്ങൾ:

1. അല്ലാഹുവിന് പുറമെ പ്രാർത്ഥിക്കപ്പെടുന്നവർ, അവർ ആരായിരുന്നാലും ഒന്നും അധീനപ്പെടുത്തുന്നില്ല. ആധിപത്യമെല്ലാം അല്ലാഹുവിനു മാത്രമാണ്.

2. മഹാത്മാക്കൾ പ്രാർത്ഥന കേൾക്കില്ല. കേൾക്കുമെന്ന വാദം താർക്കികമായി അംഗീകരിച്ചാലും ഉത്തരം ചെയ്യില്ല.

3. അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന ശിർക്ക് (ബഹുദൈവത്വം) ആണ്. ഈ ആയത്തിൽ ശിർക്ക് എന്നു വിശേഷിപ്പിച്ചത് അതിനുമുമ്പ് പറഞ്ഞ അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയെക്കുറിച്ചാണ്.

4. മരിച്ച മഹാത്മാക്കളുടെ കേൾവിയെ സംബന്ധിച്ച കാര്യവും ശുപാർശയെ സംബന്ധിച്ച കാര്യവും 'ബർസഖും' (ഖബർ ജീവിതം) പരലോകവുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത ലോകത്തെ കാര്യങ്ങൾ അറിയുന്നവൻ അല്ലാഹുവാണ്. അവൻ പറയുന്നു. കേൾക്കുകയും ഉത്തരം ചെയ്യുക

യുമില്ല എന്ന്. മറ്റാർക്കും ഇതിൽ അഭിപ്രായം പറയാൻ അവകാശമില്ല.

إنّ الّذين تدعون من دون اللّه عباد أمثالكم فادعوهم فليستجيبوا لكم إن كنتم صادقين
ألهم أرجلٌ يمشون بها أم لهم أيدٍ يبطشون بها أم لهم أعين يبصرون بها أم لهم
آذان يسمعون بها قُل أدعوا شُركائكم ثم كيدون فلاتنظرون - الاعراف

"തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസന്മാർ മാത്രമാണ്. എന്നാൽ നിങ്ങൾ അവരെ വിളിച്ചു പ്രാർത്ഥിക്കൂ. അവർ നിങ്ങൾക്ക് ഉത്തരം നല്കട്ടെ നിങ്ങൾ സത്യവാദികളാണെങ്കിൽ. അവർക്ക് നടക്കാൻ കാലുകളുണ്ടോ? അവർക്ക് പിടിക്കാൻ കൈകളുണ്ടോ? അവർക്ക് കാണാൻ കണ്ണുകളുണ്ടോ? അവർക്ക് കേൾക്കാൻ കാതുകളുണ്ടോ? (നബിയെ)പറയുക, നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിച്ചിട്ട് എനിക്കെതിരായി തന്ത്രങ്ങൾ പ്രയോഗിച്ചുകൊള്ളുക. എനിക്ക് നിങ്ങൾ ഇടതരേണ്ടതില്ല." (അഅ്റാഫ് 194,195)
ഈ ആയത്തിൽ നിന്ന് സിദ്ധിക്കുന്ന കാര്യങ്ങൾ:

1. വിളിച്ചു പ്രാർത്ഥിക്കപ്പെടുന്ന മഹാന്മാർ പ്രാർത്ഥിക്കുന്നവരെപ്പോലെത്തന്നെ അല്ലാഹുവിൻെറ കേവലം ദാസന്മാർ മാത്രമാണ്. പാർത്ഥിക്കപ്പെടാൻ അർഹമായ സവിശേഷതകളൊന്നും അവർക്കില്ല.

2. ഉത്തരം ചെയ്യുന്നത് കാണിക്കാൻ കഴിയുമോ എന്നു അല്ലാഹുവിൻെറ വെല്ലുവിളി.

3. പ്രാർത്ഥന കേൾക്കാനാവശ്യമായ കാതുകളോ അന്യരെ സഹായിക്കാനാവശ്യമായ കൈകാലുകളോ കണ്ണുകളോ ഒന്നും തന്നെ മരിച്ച മഹാത്മാക്കൾക്കില്ലായെന്ന സമർത്ഥനം.

4. ഈ അന്ധവിശ്വാസത്തെ വിമർശിച്ചാൽ അവരുടെ 'കുരുത്തക്കേടു്' പറ്റുമെന്ന ഭീഷണിക്കാരോട് അതിനു വേണ്ടി വെല്ലുവിളി.

ചുരുക്കത്തിൽ അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥന തനിശിർക്കും വ്യഥാവേലയുമാണെന്ന് ഖുർആനിലൂടെ അല്ലാഹു നമ്മെ ബോധ്യപ്പെടുത്തുന്നു. ഇതുപോലെ ഒട്ടനവധി ആയത്തുകൾ ഈ കാര്യം ഇനിയും സ്പഷ്ടമായി വിശദീകരിക്കുകയും ചെയ്യുന്നുണ്ട്.

അതിനാൽ അല്ലാഹുവല്ലാത്ത, മഹാന്മാരോടുള്ള പ്രാർത്ഥന ഒഴിവാക്കി അല്ലാഹുവിനോടുമാത്രം നാം പ്രാർത്ഥിക്കുക. "വല്ലനിലത്തിന്നും എന്നെ വിളിപ്പോർക്ക് വായ്കൂടാ ഉത്തരം ചെയ്യും ഞാനെന്നോവർ" എന്ന മുഹ്‌യുദ്ദീൻ മാലയിലെ വരി വിശുദ്ധഖുർആനിന്റെ ധാരാളം സൂക്തങ്ങൾക്ക് വിരുദ്ധമായതിനാൽ കയ്യൊഴിക്കുക. ഖുർആൻ പറഞ്ഞ പ്രഖ്യാപനം നാം നടത്തുക.

قُل إنّما أدعو ربّى ولا أشرك به أحدًا – الجنّ

"(നബിയെ) പ്രഖ്യാപിക്കുക, ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ള. അവനോടു യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല. (ജിന്ന് 20)

## 2. ഗൈബ് അഥവാ മറഞ്ഞകാര്യങ്ങൾ

ഗൈബ് - അദൃശ്യം - അറിയുന്നവൻ അല്ലാഹു മാത്രമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസം. വിശുദ്ധ ഖുർആനിലെ ഒട്ടനവധി സൂക്തങ്ങൾ ഈകാര്യം വ്യക്തമാക്കുന്നുണ്ട്. മറഞ്ഞകാര്യങ്ങൾ അല്ലാഹു അല്ലാത്തവർക്ക് അറിയുമെന്ന് വിശ്വസിച്ചാൽ അവൻ അല്ലാഹുവിനു മാത്രമവകാശപ്പെട്ട ഈ വിശ്വാസത്തിൽ സൃഷ്ടികളെ പങ്കുചേർക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു.

قُل لا يعلم من فى السماوات والأرض الغيب الا اللّه وما يشعرون ايّان يبعثون

"(നബിയെ) പറയുക, ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല, അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേല്പിക്കപ്പെടുകയെന്നും അവർക്കറിയില്ല" ( നംല് 65)

ഈ സൂക്തത്തിലൂടെ ആകാശങ്ങളിലുള്ള മലക്കുകളോ ഭൂമിയിലുള്ള ജിന്നുകളോ പ്രവാചകന്മാരോ മനുഷ്യരോ മറ്റാരെങ്കിലുമോ മറഞ്ഞകാര്യങ്ങളറിയുകയില്ലെന്ന് അസന്നിഗ്ദ മായി അല്ലാഹു പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

എന്നാൽ മുസ്‌ലിം സമുദായത്തിലെ നല്ലൊരു വിഭാഗമാളുകൾ വിശ്വസിക്കുന്നത്, അല്ലാഹുവിൻെറ പ്രവാചകന്മാരും വലിയ്യുകളും പലസിദ്ധികളുംഅവകാശപ്പെടുന്ന ജ്യോത്സ്യന്മാരും ലക്ഷണം നോക്കിപ്പറയുന്നവരും തങ്ങന്മാരും ബീവിമാരുമെല്ലാം മറഞ്ഞകാര്യങ്ങളറിയുന്നവരാണെന്നാണ്.യഥേഷ്ടം ഈ അറിവ് അവർക്ക് എടുത്തുപയോഗിക്കാൻ കഴിയുമെന്ന്കൂടി അവർ വിശ്വസിക്കുന്നു. ഈ വിശ്വാസം തനി ശിർക്ക്(ബഹുദൈവത്വം) ആണ്.

മനുഷ്യരിൽ ഏറ്റം ശ്രേഷ്ഠനായ മുഹമ്മദ് നബി(സ) ക്കുപോലും ഗൈബ് അറിയുകയില്ലെന്നാണ് ഖുർആൻ പറയുന്നത്. എന്നിട്ടല്ലേ അതിനു താഴെയുള്ളവർ?

قل لا أقول لكم عندى خزائن الله ولا أعلم الغيب ... – الانعام

"പറയുക (നബിയെ), അല്ലാഹുവിൻെറ ഖജനാവുകൾ എൻെറ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോടു പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല...(അൻആം50) എന്നാൽ മുഹ്‌യുദ്ദീൻ ശൈഖിനെപ്പറ്റി ഇവർ വിശ്വസിക്കുന്നത് എത്ര ഗുരുതരമാണ്.

*"കുപ്പിയകത്തുള്ള വസ്തുവിനെപ്പോലെ*
*കാൺമാൻ ഞാൻ നിങ്ങടെ ഖൽബകം എന്നോവർ"*

(മുഹ്‌യുദ്ദീൻമാല)

മനുഷ്യൻെറ മനസ്സിലുള്ളത് പരസ്യമായി കാണാൻ കഴിയുമെന്ന് മുഹ്‌യുദ്ദീൻ ശൈഖിനെക്കുറിച്ച് വിശ്വസിക്കുമ്പോൾ, അല്ലാഹുവിൻെറ അവകാശത്തിൽ ശൈഖിനെ പങ്കാളിയാക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരുടെ ഖൽബകം കാണുന്നതു പോയിട്ട് സ്വന്തംദേഹത്തിനുപോലും ഒരുപകാരമോ ഉപദ്രവമോ ചെയ്യാൻ മഹാനായ നബി(സ)ക്കു പോലും കഴിയുകയില്ലെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്.

قل لا أملك لنفسي نفعاً ولا ضرًّا إلا ما شاء الله ولو كنت أعلم الغيب لأستكثرت

من الخير وما مسّني السّوء إن أنا إلا نذير وبشير لقوم يؤمنون – اعراف

"(നബിയെ) പറയുക: എൻെറ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എൻെറ അധീനത്തിൽപെട്ടതല്ല. അല്ലാഹുഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയുമായിരുന്നെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (അഅ്റാഫ് 188)

വിശുദ്ധഖുർആനിലെയും നബി വചനങ്ങളിലെയും ഒട്ടനവധി സംഭവങ്ങൾ തിരുനബിക്ക് പോലും ഗൈബറിയില്ലെന്ന് വ്യക്തമാക്കുന്നവയാണ്. അദൃശ്യജ്ഞാനത്തിൻെറ അടിസ്ഥാനത്തിൽ എന്തെങ്കിലും ഗുണം നേടിയെടുക്കാനോ തിന്മ മാറ്റിവെക്കാനോ പ്രവാചകശ്രേഷ്ഠനുപോലും കഴിയുകയില്ലെങ്കിൽ അവിടുത്തേക്കാൾ പദവിയിൽ വളരെതാഴെ നില്ക്കുന്ന വലിയ്യുകളുടെയും മറ്റും അവസ്ഥ പറയേണ്ടതുണ്ടോ?

ഭാവിപ്രവചിക്കാൻ കഴിയുമെന്ന വിശ്വാസത്തിൽ ജ്യോത്സ്യന്മാരെയും കണക്കു നോക്കുന്നവരെയും കൈനോട്ടക്കാരെയുമെല്ലാം സമീപിക്കുന്നവരെയും മുസ്‌ലിം സമുദായത്തിൽ കണ്ടെത്താവുന്നതാണ്. ഏതൊരാളുടെയും ഭാവി അറിയുന്നതും അവരുടെ ജീവിതഭാഗധേയം നിർണ്ണയിക്കുന്നതും അല്ലാഹു മാത്രമാണെന്ന കാര്യം ഈ അന്ധ വിശ്വാസികൾ

അറിയാതെ പോകുന്നു. തങ്ങളുടെ ഭാവിയെന്തെന്നറിയാൻ, പ്രശ്നങ്ങളുടെ കുരുക്കഴിച്ചുതരാൻ, നഷ്ടപ്പെട്ടതു തിരിച്ചു കിട്ടാൻ. അങ്ങനെ മറ്റനേകം കാര്യങ്ങൾക്കുമായി ഇവർ സമീപിക്കുന്നത് അല്ലാഹുവും റസൂലും നിഷിദ്ധമായി കല്പിച്ച മാർഗങ്ങളാണ്. റസൂൽ(സ) പറയുന്നതു് നോക്കുക.

من أتى كاهناً فصدّقه بما يقول فقد كفر بما أنزل على محمد صلى الله عليه وسلم

ابو داود

"ആരെങ്കിലും ജ്യോത്സ്യനെസമീപിച്ചു അവൻ പറയുന്നതു വിശ്വസിച്ചാൽ, മുഹമ്മദ് നബി(സ)ക്ക് അവതരിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു." (അബൂദാവൂദ്)

മറ്റൊരു നബിവചനം കൂടി നോക്കുക.

من أتى عرّافا فسأله عن شيئ فصدّقه بما يقول لم تقبل له صلاة أربعين يوما

مسلم –

"ആരെങ്കിലും പ്രശ്നക്കാരെനെ സമീപിച്ച് അവൻ പറയുന്നത് വിശ്വസിച്ചാൽ അവൻെറ നാല്പതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല." (മുസ്‌ലിം)

ചുരുക്കത്തിൽ, മറഞ്ഞകാര്യങ്ങൾ അറിയുകയെന്നത് അല്ലാഹുവിൻെറ മാത്രം ഗുണമാണെന്ന അടിസ്ഥാന വിശ്വാസത്തിന് വിരുദ്ധമാണ് മുസ്‌ലിം സമുദായത്തിലെ ഭൂരിപക്ഷത്തിൻെറയും വിശ്വാസം. സമുദായത്തിൽ നിലനില്ക്കുന്ന അന്ധവിശ്വാസങ്ങളുടെ അടിവേര് പരിശോധിച്ചു നോക്കിയാൽ, അദൃശ്യകാര്യങ്ങളറിയുന്നവൻ അല്ലാഹുമാത്രമാണെന്ന വിശ്വാസത്തിൽ നിന്നുള്ള വ്യതിയാനമാണ് അതിനുള്ള കാരണമെന്ന് കണ്ടെത്താവുന്നതാണ്. ഇസ്‌ലാമിൻെറ അടിത്തറയെത്തന്നെ ബാധിക്കുന്ന ഈ വ്യതിയാനത്തെക്കുറിച്ചു സമുദായം ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

## 3. രോഗചികിത്സ

ശിർക്ക് കടന്നുവരുന്ന മറ്റൊരു മേഖലയാണ് ചികിത്സകൾ. ഏതുരോഗത്തിനും ചികിത്സയുണ്ട്. ആ ചികിത്സനല്കുകയും പുറമെ രോഗം ഭേദമാകാൻ അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും ചെയ്യുക. ഇതാണ് ഇസ്ലാമികമായ ചികിത്സാരീതി. ഇബ്രാഹിം (അ)യുടെ വാക്കുകൾ ഖുർആൻ ഉദ്ധരിക്കുന്നത് നോക്കുക: وإذا مرضتُ فهو يشفين – الشعراء "എനിക്കു രോഗംബാധിച്ചാൽ അവൻ(അല്ലാഹു) ആണ് എന്നെ സുഖപ്പെടുത്തുന്നത്." (ശുഅറാഅ് 80). നബി(സ) പറയുന്നു:

تداووا فإن الله لم يضع داءا الا وضع له دواء غير داء واحد الهرم – أحمد
"നിങ്ങൾ ചികിത്സിക്കുക. കാരണം, അല്ലാഹു ഒരു രോഗവും നിശ്ചയിച്ചിട്ടില്ല അതിനു മരുന്നു നിശ്ചയിക്കാതെ, വാർദ്ധക്യമെന്ന ഒരേയൊരു രോഗമൊഴികെ". (അഹ്മദ്)

എന്നാൽ ഈ രംഗത്തും അന്ധവിശ്വാസങ്ങളും ശിർക്ക് കലർന്ന ചികിത്സാമുറകളും മുസ്ലിം സമുദായത്തെ സ്വാധീനിച്ചിരിക്കുന്നു. ദുർമന്ത്രങ്ങൾ, ഉറുക്ക്, ഏലസ്സ്, ഹൈക്കല്ല്, ഹോമം, ജപം തുടങ്ങി ഇസ്ലാം തീർത്തും നിഷിദ്ധമായി കല്പിച്ച മാർഗങ്ങളാണ് ഇവിടെ അവലംബിക്കപ്പെടുന്നത്. ഇതൊന്നും ഇസ്ലാം അനുവദിച്ച ചികിത്സാരൂപങ്ങളല്ല. രോഗത്തിന് മരുന്നുപയോഗിക്കുകയും അല്ലാഹുവിനോടു പ്രാർത്ഥിക്കുകയുമാണ് ചെയ്യേണ്ടത്. ഇത്തരം തെറ്റായ ചികിത്സകളെക്കുറിച്ച് റസൂൽ(സ) പറയുന്നത് നോക്കുക:

من علق تميمة فلا أتم الله له ومن علق ودعة فلا ودع الله له – أحمد،حاكم

"ആരെങ്കിലും ഉറുക്കുകെട്ടിയാൽ അല്ലാഹു അവൻെറ ഉദ്ദേശ്യം പൂർണ്ണമാക്കാതിരിക്കട്ടെ. വല്ലവനും രക്ഷാകവടി കെട്ടിയാൽ അല്ലാഹു അവന് രക്ഷനല്കാതിരിക്കട്ടെ" (അഹ്മദ്, ഹാകിം)

കയ്യിൽ ഉറുക്കു കെട്ടിയിരുന്ന ഒരാളോടു റസൂൽ(സ) ബൈഅത്ത് ചെയ്യാതെ മാറ്റിനിറുത്തി. അദ്ദേഹമത് പൊട്ടിച്ചെറിഞ്ഞപ്പോൾ ബൈഅത്ത് ചെയ്യുകയും ചെയ്തു. എന്നിട്ട് ഇങ്ങനെ പറഞ്ഞു: من علق تميمة فقد أشرك – أحمد، حاكم "ആരെങ്കിലും ഉറുക്കുകെട്ടിയാൽ നിശ്ചയം അവൻ ശിർക്ക് ചെയ്തു." (അഹ്മദ്, ഹാകിം)

രോഗം മാറ്റാനും ഉപദ്രവം തടുക്കാനും കണ്ണേറു തടുക്കാനും മറ്റും ഉറുക്കിന് കഴിയുമെന്ന് വിശ്വസിക്കുന്നത് അല്ലാഹുവിൻെറ കഴിവിൽ പങ്കുചേർക്കൽ (ശിർക്ക്) ആണെന്നാണ് ഇവിടെ റസൂൽ(സ) പഠിപ്പിക്കുന്നത്. കൈയിലോ അരയിലോ ശരീരത്തിൻെറ മറ്റേതെങ്കിലും ഭാഗങ്ങളിലോ ബന്ധിക്കുന്ന ഉറുക്കിനെ സംബന്ധിച്ച് അഭൗതിക രൂപത്തിലുള്ള സഹായം പ്രതീക്ഷിക്കുന്നതു കൊണ്ടാണ് ഇത് ശിർക്കായത്.

عن ابن مسعود قال: سمعت رسول الله صلى الله عليه وسلم يقول: إن الرقى والتمائم والتولة شرك – أحمد ، أبوداود

"ഇബ്ന് മസ്ഊദ് പറയുന്നു.. റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു, തീർച്ചയായും മന്ത്രങ്ങളും ഉറുക്കും ഭർത്താക്കന്മാരുടെ പ്രേമം സമ്പാദിക്കാൻ ഭാര്യമാരുണ്ടാക്കുന്ന ഒരുതരം ഉറുക്കും ശിർക്കാണ്." (അഹ്മദ്, അബൂദാവൂദ്)

ദുർബലനാകാതിരിക്കാൻ ഭുജത്തിൽ തകിട് കെട്ടിയ ഒരാളോട് നബി തിരുമേനി(സ) പറഞ്ഞു,

انزعها فإنها لا تزيدك إلا وهنا فإنك لو متّ وهى عليك ما افلحت أبدا – أحمد

"അത് നീ അഴിച്ചുകളയുക. നിനക്കത് ബലഹീനതയല്ലാതെ ഒന്നും വർദ്ധിപ്പിക്കുകയില്ല. അതുമായി നീ മരണമടയുന്ന പക്ഷം നീ ഒരിക്കും വിജയിക്കുകയില്ല." (അഹ്മദ്)

ഇത്തരം ഉറുക്കുകളും കെട്ടുകളുമെല്ലാം സിഹ്റും (മാരണം) ശിർക്കും (ബഹുദൈവത്വം) ആയിട്ടാണ് നബി(സ) പഠിപ്പിക്കുന്നത്.

من عقد عقدة ثم نفث فيها فقد سحر ومن سحر فقد أشرك (النسائى)

"ആരെങ്കിലും കെട്ടുകെട്ടി അതിൽ ഊതിയാൽ അവൻ സിഹ്റ് ചെയ്തു. സിഹ്റ് ചെയ്തവൻ ശിർക്കും ചെയ്തു". (അന്നസാഈ)

## 4. സത്യം ചെയ്യൽ

അല്ലാഹുവിൻെറ പേരിൽ മാത്രമേ സത്യം ചെയ്യാവൂ എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഒരാൾ അല്ലാഹുവിൽ സത്യംചെയ്യുന്നതിൻെറ അർത്ഥം താൻപറയുന്നതിന് അല്ലാഹു സാക്ഷിയാണ് എന്നാണല്ലോ. അപ്പോൾ അല്ലാഹുവല്ലാത്ത, സൃഷ്ടികളായ തങ്ങന്മാർ, ഔലിയാക്കൾ, ജാറങ്ങൾ, ഇവയുടെ പേരിൽ ഒന്നും സത്യംചെയ്യാൻ പാടില്ല. അവരാരും നമ്മുടെ പ്രവർത്തനത്തിന് അദൃശ്യമായ രൂപത്തിൽ സാക്ഷി നില്ക്കുന്നവരോ നമ്മുടെസത്യമറിയുന്നവരോ അല്ല. ഇതെല്ലാം അറിയുന്നവൻ അല്ലാഹു മാത്രമാണ്. അപ്പോൾ അല്ലാഹു അല്ലാത്തവരെ സത്യം ചെയ്യുകയെന്നത് ശിർക്ക്പരമായ വിശ്വാസത്തിൻെറ ഭാഗമാണ്.

ഇസ്ലാമിനുമുമ്പുള്ള കാലത്ത് - ജാഹിലിയ്യാ- അറബികൾ അവരുടെ ദൈവങ്ങളുടെ പേരിലും പിതാക്കളുടെ പേരിലും സത്യം ചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇസ്ലാം ഇത് വിലക്കുകയും സത്യം അല്ലാഹുവിൻെറ പേരിൽ മാത്രമാക്കുകയും ചെയ്തു. റസൂൽ(സ) പറയുന്നു:

من كان حالفا فليحلف بالله أو ليصمت – متفق عليه

"ആരെങ്കിലും സത്യം ചെയ്യുന്നുവെങ്കിൽ അവൻ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്യട്ടെ. അല്ലെങ്കിൽ മൗനമവലംബിച്ചുകൊള്ളട്ടെ." (ബുഖാരി, മുസ്‌ലിം)

لا تحلفوا الا بالله ولا تحلفوا الا وأنتم صادقون – أبوداود، نسائى

"നിങ്ങൾ അല്ലാഹുവിൻെറ പേരിലല്ലാതെ സത്യം ചെയ്യരുത്. നേരായ കാര്യത്തിലല്ലാതെയും സത്യം ചെയ്യരുത്." (അബൂദാവൂദ്, നസാഈ)

ലാത്തയേയും ഉസ്സയേയും വിളിച്ച് സത്യം ചെയ്തവരോട് അല്ലാഹുവിൻെറ റസൂൽ പറയുന്നു:

من حلف منكم فقال فى حلفه باللآت والعزى فليقل لآاله الا الله – متفق عليه

"ലാത്തയും ഉസ്സയുമാണ് സത്യം എന്ന് ആരെങ്കിലും തൻെറസത്യത്തിൽ പറഞ്ഞാൽ അവൻ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ചൊല്ലിക്കൊള്ളട്ടെ" (ബുഖാരി, മുസ്‌ലിം)

ഇതിനർത്ഥം അല്ലാഹുവല്ലാത്ത മഹാന്മാരുടെ പേരിൽ സത്യം ചെയ്താൽ അവൻ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന് വിരുദ്ധംചെയ്തു എന്നാണല്ലൊ. ഇത്തരം സത്യങ്ങൾ ശിർക്ക് തന്നെയാണെന്ന് റസൂൽ (സ) പറയുന്നു:

من حلف بغير الله فقد كفر أو أشرك – الترمذى، حاكم

"ആരെങ്കിലും അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്താൽ അവൻ സത്യനിഷേധിയോ ബഹുദൈവാരാധകനോ ആയി" (തിർമുദി, ഹാകിം) ഇസ്‌ലാമിൻെറ അടിത്തറയായ "തൗഹീദിന്" വിരുദ്ധമായിപോകുന്ന ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ് ഇതെന്ന് വ്യക്തം.

## 5. ഉറൂസുകൾ

ശിർക്കുപരമായ വിശ്വാസാചാരങ്ങളടക്കം ഒട്ടനവധി അനാചാരങ്ങളും ഇസ്‌ലാം വിരുദ്ധ പ്രവർത്തനങ്ങളും ഒരേ സമയത്ത് അരങ്ങേറുന്ന പരിപാടിയാണ് നേർച്ചകളും ഉറൂസുകളും. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ഈ പരിപാടികളിൽ ഹൈന്ദവരുടെ പൂരങ്ങളിൽ നടക്കുന്നതുപോലുള്ള എല്ലാ ഏർപ്പാടുകളും നടക്കുന്നു. ആന എഴുന്നള്ളത്തും, വാദ്യമേളങ്ങളും പുറമെ കരിമരുന്നുപ്രയോഗങ്ങളും കൂടി അരങ്ങു തകർക്കുന്നു. പ്രായവ്യത്യാസമില്ലാതെ, സ്ത്രീ പുരുഷഭേദവും ജാതിഭേദവുമില്ലാതെ എല്ലാവരും ഇതിൽ പങ്കെടുക്കുന്നു. ഇസ്‌ലാമിക സംസ്കാരത്തിൻെറ എല്ലാ സീമകളും അവിടെ അതിലംഘിക്കുന്നു. ഇതിനെല്ലാം പുറമെ, ഈ ഏർപ്പാടുകളെയെല്ലാം അനുഗ്രഹിച്ചാശീർവദിച്ചുകൊണ്ടു മുസ്‌ലിം സമുദായത്തിലെ പുരോഹിതന്മാരുടെ പ്രഭാഷണ പരമ്പരയും പൊടിപൊടിക്കുന്നു.

ഈ ഏർപ്പാടുകളെല്ലാം അരങ്ങേറുന്നത് ഏതെങ്കിലുമൊരു മഹാൻെറ(?) ഖബറിനു ചുറ്റുമായിരിക്കും. അദ്ദേഹത്തിൻെറ കാലശേഷം പറഞ്ഞുപ്രചരിപ്പിച്ച 'കറാമത്തു'കളും അത്ഭുതസിദ്ധികളുമാണ് ഇതിനു മുതൽമുടക്ക്. അദ്ദേഹത്തിൻെറ ജഡംകുഴിച്ചുമൂടിയേടത്ത് കെട്ടിപ്പൊക്കിയ ജാറങ്ങളും കുബ്ബകളുമുണ്ടാക്കി പാമരജനങ്ങളേയും അന്ധവിശ്വാസികളേയും അവിടേക്കാകർഷിക്കുന്നു. അങ്ങനെ തങ്ങളുടെ ആഗ്രഹങ്ങൾ സഫലീകരിക്കാനും പ്രയാസങ്ങളകറ്റാനും ഉദ്ദിഷ്ടകാര്യപ്രാപ്തിക്കും അങ്ങനെ മറ്റനേകം കാര്യങ്ങൾക്കുമായി ജനങ്ങൾ അവിടേക്കുപ്രവഹിക്കുന്നു. അവിടെ കാവലിരിക്കുന്ന 'പൂജാരി'യുടെ പക്കൽനിന്ന് ലഭിക്കുന്ന ഭസ്മവും എണ്ണയും മയിൽപീലികൊണ്ടുള്ള തഴുകലും ഏറ്റുവാങ്ങി ഭക്തന്മാർ തിരിച്ചുപോകുന്നു. ഈ ചെയ്യുന്ന അനിസ്‌ലാമിക പ്രവർത്തനങ്ങൾക്കെല്ലാം കൂടി പുരോഹിതന്മാർ സമുദായത്തെ പറഞ്ഞു പഠിപ്പിച്ചിരിക്കുന്ന പേര് 'ഖബർ സിയാറത്ത്' എന്നാണ്. (ഇസ്‌ലാമിലെ ഖബർ സിയാറത്തു മായി ഇതിനു യാതൊരു ബന്ധവുമില്ല.) ഇസ്‌ലാമിനു മുമ്പ് ഖബറിനു ചുറ്റും ഇവ്വിധം

പല കാര്യങ്ങളും നടന്നിരുന്നത് കാരണം നബി(സ) ആദ്യം ഖബർ സിയാറത്ത് വിരോധിച്ചിരുന്നു. പിന്നീട്, ജനങ്ങൾ ശുദ്ധ മായ ഏകദൈവ വിശ്വാസത്തിലേക്ക് തിരിച്ചു വന്നപ്പോൾ മാത്രമാണ് ഖബർ സിയാറത്ത് അനുവദിച്ചത്. അത്തന്നെ 'പരലോകബോധമുണ്ടാവുക'എന്ന ആവശ്യത്തിനു വേണ്ടിമാത്രം.

മരിച്ചുപോയ മഹാത്മാക്കളോടുള്ള അതിരുകടന്ന ആദരവും അവരുടെ കുഴിമാടങ്ങൾക്ക് പ്രത്യേക രൂപവും ഭാവവും നല്കലുമെല്ലാം അന്ധവിശ്വാസികളെ ശിർക്കിലേക്ക് (ബഹുദൈവാരാധന) എത്തിക്കുമെന്നുള്ളതു കൊണ്ടാണ് ഇസ്ലാം ഈ രംഗത്ത് കൃത്യമായ ചില നിർദ്ദേശങ്ങൾ നല്കി യത്. ഏത് മഹാന്മാരുടേതായാലും ഖബർ ഒരുചാണിൽ കൂടുതൽ ഉയർത്തിക്കെട്ടി കുമ്മായംതേക്കാനുംമറ്റും പാടില്ലെന്ന് റസൂൽ (സ) പഠിപ്പിക്കുന്നു.

عن جابر (ر) قال: نهى رسول الله صلى الله عليه وسلم أن يجصّص القبر وان يقعد عليه وان يبنى عليه وان يزاد عليه أو يُكتب عليه – مسلم، أبوداود

"ഖബർ കുമ്മായം പൂശുന്നതും അതിൻമേൽ ഇരിക്കു ന്നതും അതിൻമേൽ എടുപ്പുണ്ടാക്കുന്നതും കൂടുതൽ മണ്ണു കൂട്ടുന്നതും അതിന്മേൽ എഴുതുന്നതുമെല്ലാം റസൂ(സ) വിരോധിച്ചിരിക്കുന്നു." (മുസ്ലിം, അബൂദാവൂദ്)

കെട്ടിയുയർത്തിയ ഖബറുകളുണ്ടെങ്കിൽ അവയെല്ലാം തച്ചുടക്കണമെന്നാണ് നബി(സ) കല്പിച്ചിട്ടുള്ളത്.

عن أبى الهياج الآسدى عن علي قال: أبعثك على ما بعثنى عليه رسول الله صلى الله عليه وسلم أن لا تدع تمثالاً إلا طمسته ولا قبراً مشرفا الا سويته – مسلم

"അബുൽ ഹയ്യാജുൽ അസദിയ്യ് പറയുന്നു. അലി(റ) എന്നോടു പറഞ്ഞു, നബി(സ) എന്നെ നിയോഗിച്ച ഒരു കാര്യ ത്തിനു ഞാൻ താങ്കളേയും ഉത്തരവാദപ്പെടുത്തട്ടെ. പ്രതിമ കളൊന്നും തട്ടിയുടക്കാതെ വിടരുത്, പൊങ്ങി നില്ക്കുന്ന ഖബറുകൾ നിരപ്പാക്കാതെയും വിടരുത്." (മുസ്ലിം)

മുകളിൽ പറഞ്ഞ രൂപത്തിലെല്ലാം റസൂൽ(സ) തൻെറ സമുദായത്തിനു നിർദ്ദേശം നല്കിയിട്ടും, സമുദായത്തിലെ പണ്ഡിതന്മാരുടെ അകമ്പടിയോടുകൂടി ഇവ്വിധം ഖബറാരാധനയും നേർച്ചയുമെല്ലാം നടക്കുന്നു. ഇതിനെ എതിർക്കുന്ന പണ്ഡിതന്മാരെ പുത്തൻ പ്രസ്ഥാനക്കാരായി മുദ്രകുത്തുകയും ചെയ്യുന്നു. ചില ദുർവ്യാഖ്യാന വിദഗ്ദരായ പണ്ഡിതന്മാർ, തച്ചുടക്കാൻ നബി(സ) കല്പിച്ച ഖബറുകളെല്ലാം കാഫിറുകളുടേതാണ് മുസ്ലിംകളുടെതല്ലായെന്ന് ജല്പിക്കുകയുംചെയ്യുന്നു. അങ്ങനെയെങ്കിൽ പ്രസ്തുതഹദീസിൽ അതിനുമുമ്പ് പറഞ്ഞ പ്രതിമകളെക്കുറിച്ചും ഇതു പറയേണ്ടിവരുമല്ലോ. കാഫിറുകളുടെ പ്രതിമകൾ തച്ചുടക്കുകയും മുസ്ലികളുടെത് നിലനിർത്തുകയും ചെയ്യുക എന്ന്..! ദുർവ്യാഖ്യാനത്തിൻെറ ഗതികേട്..

ശാഫിഈ മദ്ഹബു കാരാണെന്ന് പറഞ്ഞു ഇതു ചെയ്യുന്നവരുമുണ്ട്. എന്നാൽ, ഇമാംശാഫീ(റ) പറഞ്ഞത്നോക്കു. "ഖബർ ഭൂമിയുടെ ഉപരിതലത്തിൽ നിന്നു ഏകദേശം ഒരു ചാൺ ഉയർത്തുന്നതിനെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്. അതിന്മേൽ ഒന്നും പടുത്തുയർത്തുവാനോ കുമ്മായം തേക്കുവാനോ പാടില്ല. മുഹാജിറുകളുടെയും അൻസാറുകളുടെയും ഖബറുകൾ കുമ്മായമിട്ടരൂപത്തിൽ ഞാൻ കണ്ടിട്ടില്ല. ഖബറുകളിൽ പടുത്തുയർത്തിയതിനെ തച്ചുടക്കാൻ ഭരണാധികാരികൾ കല്പിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അപ്പോൾ പണ്ഡിതന്മാർ അതിനെ ആക്ഷേപിക്കുന്നത് ഞാൻ കണ്ടിട്ടില്ല" (അൽ ഉമ്മ്1/246) ഇമാം ശാഫിഈയുടെ ഈ പ്രസ്താവം ഏതായാലും കാഫിറുകളുടെ ഖബറിനെ പറ്റിയല്ലെന്നു വ്യക്തമാണല്ലൊ.

ശാഫിഈമദ്ഹബിലെ തന്നെ പ്രസിദ്ധ പണ്ഡിതനായ ഇബ്നുഹജറുൽ ഹൈതമി(റ) പറയുന്നത് നോക്കു. "ജാറങ്ങളും ഖബറുകൾക്ക് മുകളിൽ നിർമ്മിച്ചുണ്ടാക്കിയ ഖുബ്ബകളും പൊളിച്ചുനീക്കാൻ മുസ്ലിം ധൃതി കാണിക്കൽ നിർബ്ബന്ധമാണ്. കാരണം,ഇവ യഹൂദികളുണ്ടാക്കിയ മസ്ജിദു ളിറാറിനേക്കാൾ അപകടകരമാണ്. ഇവ റസൂൽ(സ)യോട് എതിര്

പ്രവർത്തിക്കുക എന്നഅടിത്തറയിൽ നിർമ്മിച്ചതാണ്. കാരണം, നബി(സ) ഇത് വിരോധിച്ചിട്ടുണ്ട്. ഉയർന്ന ഖബറുകൾ പൊളിച്ചുനീക്കാനും അവിടുന്നു കല്പിച്ചിട്ടുണ്ട്. ഇതുപോലെ ഖബറുകളിൽ സ്ഥാപിച്ചിട്ടുള്ള വിളക്കുകളും ഖിൻദീലു കളും നീക്കൽ നിർബ്ബന്ധമാണ്. ഇവയൊന്നുംതന്നെ 'വഖ്ഫ്' ചെയ്യാനും നേർച്ച ചെയ്യാനുംപാടില്ല." (സവാജിർ 1/121)

ഹൈതമിയുടെ ഈ പരാമർശവും കാഫിറുകൾ അവരുടെ ഖബറുകളിലേക്ക് വഖ്ഫ്ചെയ്യുന്നതിനെക്കുറിച്ചും നേർച്ച ചെയ്യുന്നതിനെക്കുറിച്ചും ആകാൻ തരമില്ലല്ലോ.

നബി (സ) യുടെ കല്പന പാടെ ത്യജിച്ചതുകൊണ്ടു മുസ്‌ലിംകൾ എത്തിച്ചേർന്ന അവസ്ഥയാണിത്. അവിടുന്നു കല്പിച്ചു.

لا تشد الرحال الا الى ثلاثة مساجد المسجد الحرام ومسجد الرسول ومسجد الاقصى - البخارى

"മൂന്നുപള്ളികളിലേക്കല്ലാതെ പ്രത്യേക പുണ്യമുദ്ദേശിച്ചു യാത്ര ചെയ്യാവതല്ല. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അഖ്സ്വാ" (ബുഖാരി). ഇതിനപ്പുറമുള്ള തീർത്ഥാടന കേന്ദ്രങ്ങ ളെല്ലാം ഒഴിവാക്കേണ്ടതാണ്. അപ്പോൾമാത്രമെ മുസ്‌ലിം സമുദായം ഇത്തരം അവസ്ഥകളിൽനിന്നു രക്ഷപ്പെടുകയുള്ളു.

نبذة

# في السنة والبدعة

(باللغة المليبارية)

محمد سليم سلمي

مكتب
دعوة وتوعية الجاليات بالسلي
هاتف : ٢٤١٤٤٨٨ - ٢٤١٠٦١٥ - ٢٤١١٧٣٣

# نبذة

# في السنة والبدعة

محمد سليم سلمي



KHALID BIN WALID
*0701005*

المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي
ص.ب. ١٤١٩ الرياض ١١٤٣١ هاتف ٢٤١٤٤٨٨ ـ ٢٤١٠٦١٥ ناسوخ ٢٤١١٧٣٣

مليباري ٠٧٠١٠٠٥